2024 DECEMBER
20
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# നിരക്ക് കുറച്ച് യു.എസ് ഫെഡ് റിസർവ്: തിരച്ചടി നേരിട്ട് ഓഹരി വിപണി

**മുംബൈ:** പ്രതീക്ഷിച്ചതുപോലെ യു.എസ് ഫെഡറൽ റിസർവ് നിരക്കിൽ കാൽ ശതമാനം കുറവ് വരുത്തി. ഇതോടെ ഫെഡ് നിരക്ക് 4.254.50 ശതമാനം ആയി. പണപ്പെരുപ്പത്തെ പിടിച്ചുകെട്ടാൻ 2021 മുതൽ നടപ്പാക്കിയ കർശന പണനയത്തിന് കാര്യമായ ഇളവ് ഇതിനകം നൽകിക്കഴിഞ്ഞു. മൂന്ന് തവണയായി ഒരു ശതമാനത്തോളം നിരക്ക് കുറച്ചു. ഫെഡ് നിരക്കിനൊപ്പം റിവേഴ്സ് റിപ്പോ നിരക്കും പരിഷ്കരിച്ചു. 4.55 ശതമാനത്തിൽനിന്ന് 30 ബേസിസ് പോയന്റ് കുറവാണ് വരുത്തിയത്. ഇതോടെ റിവേഴ്സ് റിപ്പോ 4.25 ശതമാനമായി.

നവംബറിലെ റീട്ടെയിൽ ഉപഭോഗം ഉൾപ്പടെയുള്ള സാമ്പത്തിക സൂചകങ്ങൾ, ശക്തമായ വളർച്ച, തൊഴിലില്ലായ് നിരക്കിലെ കുറവ് തുടങ്ങിയവ പരിഗണിച്ചാണ് ഫെഡിന്റെ തീരുമാനം. അതേസമയം, പണപ്പെരുപ്പം കൂടുന്ന പ്രവണതയാണ് കാണുന്നത്. ഇപ്പോഴും ഉയർന്ന നിരക്കിൽ തുടരുന്നത് വിലക്കയറ്റത്തിന്റെ വേഗം കുറയ്ക്കുമെന്ന് ഫെഡ്



മേധാവി ജെറോം പവൽ പ്രതികരിച്ചു. മാന്ദ്യം ഒഴിവാക്കാനായത് വലിയ നേട്ടമായി കരുതുന്നു. ഈ വർഷത്തെ വളർച്ച ശുഭസൂചനയാണെന്നും പവൽ വിലയിരുത്തുന്നു.

ജനുവരി 20നാണ് ട്രംപ് അധികാരമേൽക്കുക. തുടർന്നുള്ള യോഗം ജനുവരി 2829 തിയതികളിൽ നടക്കും. ഈ യോഗത്തിൽ നിലവിലുള്ള നിരക്ക് നിലനിർത്തിയേക്കുമെന്നാണ് വിലയിരുത്തൽ.

ഫെഡ് നിരക്ക് കാൽ ശതമാനം കുറച്ചതിനെ തുടർന്ന് യുഎസിലെ ഓഹരി സൂചികകൾ കുത്തനെ ഇടിവ് നേരിട്ടു. എസ്ആൻഡ്പി 500 മൂന്ന് ശതമാനവും നാസ്ദാക്ക് 3.6 ശതമാനവും ഇടിവ് നേരിട്ടു. വരുംവർഷത്തെക്കുറിച്ചുള്ള നിക്ഷേപകരുടെ ആശങ്കയാണ് വിപണിയിൽ പ്രതിഫലിച്ചത്. നിരക്കിൽ കാൽ ശതമാനം കുറവ് വരുത്തുമെന്ന് വിപണി പ്രതീക്ഷിച്ചിരുന്നു.

വാൾസ്ട്രീറ്റിലെ തിരിച്ചടി പതിവുപോലെ ആഗോള തലത്തിൽ വിപണികളെ ബാധിച്ചു. രാജ്യത്തെ സൂചികകളും തിരിച്ചടി നേരിട്ടു. വ്യാപാരം ആരംഭിച്ച ഉടനെ സെൻസെക്സ് ആയിരത്തോളം പോയന്റ് നഷ്ടത്തിലായി. നിഫ്റ്റിയാകട്ടെ 24,000ന് താഴെയെത്തുകയും ചെയ്തു. മിഡ് ക്യാപ്, സ്മോൾ ക്യാപ് സൂചികകളിലും കനത്ത തകർച്ച പ്രകടമാണ്. നിഫ്റ്റി ബാങ്ക്, ഐടി, മെറ്റൽ, ഓട്ടോ, എനർജി സൂചികകൾ ഒരുശതമാനത്തിലേറെ നഷ്ടം നേരിട്ടു.

# പ്രവാസി പണമൊഴുക്കിൽ ഇന്ത്യ ഒന്നാമത്



മുംബൈ: ലോകത്ത് പ്രവാസിപ്പണം നേടുന്നതിൽ ഒന്നാംസ്ഥാനത്ത് ആധിപത്യം തുടർന്ന് ഇന്ത്യ. 2024ലെ അനുമാനപ്രകാരവും ഇന്ത്യ തന്നെയാണ് എതിരാളികളില്ലാതെ മുന്നിലെന്ന് ലോകബാങ്ക് വ്യക്തമാക്കി. 2023ലെ 12,500 കോടി ഡോളറിൽ (10.41 ലക്ഷം കോടി രൂപ) നിന്ന് ഈ വർഷം ഇന്ത്യയിലേക്ക് എത്തിയ പ്രവാസിപ്പണം 3.2% ഉയർന്ന് 12,910 കോടി ഡോളറായി (10.84 ലക്ഷം കോടി രൂപ). രണ്ടാമതുള്ള മെക്സിക്കോ നേടിയത് 6,820 കോടി ഡോളർ മാത്രം. 2023ൽ മെക്സിക്കോ 6,700 കോടി ഡോളർ നേടിയിരുന്നു.

ചൈനയാണ് മൂന്നാമത്. എന്നാൽ, ചൈനയിലേക്കെത്തിയ പണം 2023ലെ 5,000 കോടി ഡോളറിൽ നിന്ന് ഈവർഷം 4,800 കോടി ഡോളറായി ഇടിഞ്ഞു. ഫിലിപ്പീൻസ് (3,320 കോടി ഡോളർ), പാക്കിസ്ഥാൻ (3,320 കോടി ഡോളർ), ബംഗ്ലദേശ് (2,660 കോടി ഡോളർ), ഈജിപ്റ്റ് (2,270 കോടി ഡോളർ), ഗ്വാട്ടിമാല (2,160 കോടി ഡോളർ), നൈജീരിയ (1,980 കോടി ഡോളർ), ഉസ്ബെക്കിസ്ഥാൻ (1,660 കോടി ഡോളർ) എന്നിവയാണ് ആദ്യ 10 സ്ഥാനങ്ങളിൽ യഥാക്രമമുള്ളത്.

പ്രവാസിപ്പണം നേടുന്നതിൽ വർഷങ്ങളായി ഇന്ത്യ തന്നെയാണ് ഒന്നാമത്. 2022ലായിരുന്നു ഇന്ത്യയിലേക്കുള്ള പ്രവാസിപ്പണമൊഴുക്ക് ആദ്യമായി 10,000 കോടി ഡോളർ കടന്നത്. 2000ൽ 1,288 കോടി ഡോളറും 2010ൽ 5,348 കോടി ഡോളറും 2015ൽ 6,891 കോടി ഡോളറും എത്തിയിരുന്നു. 2019ൽ ഇത് 8,333 കോടി ഡോളറായി. 2020ൽ പക്ഷേ, കോവിഡ് പശ്ചാത്തലത്തിൽ 8,314 കോടി ഡോളറായി കുറഞ്ഞു.

# ക്രിസ്മസ്പുതുവത്സര അവധി; അധിക സർവീസുമായി കെഎസ്ആർടിസി



**തിരുവനന്തപുരം:** ക്രിസ്മസ് പുതുവത്സര അവധികൾ പ്രമാണിച്ച് കെഎസ്ആർടിസി അധിക അന്തർ സംസ്ഥാന സംസ്ഥാനാന്തര സർവീസുകൾ നടത്തും. കേരളത്തിൽ നിന്നും ബെംഗളൂരു, ചെന്നൈ, മൈസൂർ തുടങ്ങിയ പ്രധാന നഗരങ്ങളിലേക്കുള്ള സ്ഥിരം 48 സർവീസുകൾക്ക് ഉപരിയായി 38 ബസുകൾ കൂടി അധികമായി അന്തർ സംസ്ഥാന സർവീസുകൾക്ക് ക്രമികരിച്ചു. 34 ബെംഗളൂരു ബസുകളും 4 ചെന്നൈ ബസുകളുമാണ് ഇത്തരത്തിൽ ക്രമീകരിച്ചിട്ടുള്ളത്. ഇത് ശബരിമല സ്പെഷൽ അന്തർസംസ്ഥാന സർവീസുകൾക്ക് ഉപരിയായയാണ് ക്രമീകരിച്ചിരിക്കുന്നത്.

കേരളത്തിനുള്ളിൽ യാത്രാ തിരക്ക് കുറയ്ക്കാൻ തിരുവനന്തപുരം  കോഴിക്കോട് /കണ്ണൂർ റൂട്ടിലും അധിക സർവിസുകൾ സജ്ജമാക്കുന്നതിനു മന്ത്രി ഗണേഷ് കുമാർ നിർദേശം നൽകി. 4 വോൾവോ കോഴിക്കോട്  തിരുവനന്തപുരം, 4 കോഴിക്കോട്  എറണാകുളം സർവിസുകളും അടക്കം 8 ബസുകൾ കോഴിക്കോട് നിന്നും അധികമായി സർവിസ് നടത്തും. 4 ലോഫ്ലോർ,  4 മിന്നൽ, 3 ഡീലക്സ്  5 സൂപ്പർഫാസ്റ്റ് ബസുകൾ അടക്കം 16 ബസുകൾ ഉപയോഗിച്ച്  തിരുവനന്തപുരത്ത് നിന്നും തിരുവനന്തപുരം  കണ്ണൂർ , തിരവനന്തപുരം  കോഴിക്കോട് റൂട്ടിൽ അഡീഷനൽ സർവീസ് നടത്തും.

കൊട്ടാരക്കര  കോഴിക്കോട്, അടൂർ  കോഴിക്കോട്, കുമിളി, കോഴിക്കോട്, എറണാകുളം  കണ്ണൂർ, എറണാകുളം  കോഴിക്കോട് എന്നിങ്ങനെ അഡീഷനൽ സർവിസുകളും കൊല്ലം, കൊട്ടാരക്കര, കോട്ടയം, തൃശൂർ, കോഴിക്കോട് തുടങ്ങി ഫാസ്റ്റ് പാസഞ്ചർ സർവിസുകളും ആവശ്യാനുസരണം തിരക്ക് അനുസരിച്ച് ഓപ്പറേറ്റ് ചെയ്യുമെന്ന് കെഎസ്ആർടിസി അറിയിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY



ഐ.എം.എ കൊച്ചി,അരികെ പാലിയേറ്റീവ് കെയർ എന്നിവരുടെ നേതൃത്വത്തിൽ കിടപ്പുരോഗികൾക്കൊപ്പം ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചപ്പോൾ

# കിടപ്പ് രോഗികൾക്കൊപ്പം ക്രിസ്മസ് ആഘോഷവുമായി ഐഎംഎയും അരികെയും

**കൊച്ചി:** കിടപ്പ് രോഗികൾക്കൊപ്പം ആട്ടവും പാട്ടുമായി ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ച് ഐ.എം.എ കൊച്ചിയും അരികെ പാലിയേറ്റീവ് കെയറും. ഇരു സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കുമൊപ്പം കരോൾ ഗാനങ്ങൾ പാടിയും നൃത്തം ചെയ്തും കേക്കുമുറിച്ചും നാട്ടുകാരും കൊച്ചുകുട്ടികളും ചേർന്നതോടെ ക്രിസ്മസ് ആഘോഷം രോഗികൾക്ക് പുത്തൻ അനുഭവമായി മാറി. എറണാകുളം വൈ.എം.സി.എ, ഗിരിനഗർ ഭവൻസ് എന്നിവർ നൽകിയ ക്രിസ്മസ് കേക്കിനൊപ്പം തേവയ്ക്കൽ വിദ്യോദയ സ്കൂൾ, ഏരൂർ ഭവൻസ് വിദ്യാമന്ദിർ,വാഴക്കാല നവനിർമ്മാൻ പബ്ലിക് സ്കൂൾ എന്നിവടങ്ങളിലെ കുട്ടികൾ തയ്യാറാക്കിയ ക്രിസ്മസ് കാർഡും രോഗികൾക്ക് സമ്മാനിച്ചാണ് സംഘം മടങ്ങിയത്.ചക്കോളാസ് സ്പിന്നിങ് ആൻഡ് വിവിങ് മിൻൽസ് ലിമിറ്റഡ്, ഇന്നർ വീൽ ക്ലബ്ബ് കൊച്ചിൻ വെസ്റ്റ്, ഗ്രേറ്റർ കൊച്ചിൻ റൗണ്ട് ടേബിൾ 102 എന്നിവരും ആഘോഷത്തിനൊപ്പം ചേർന്നു.



# പാവക്കുളത്ത് അയ്യപ്പ മഹാസത്രത്തിനു തുടക്കം കുറിച്ചു

**കൊച്ചി:** പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ ഡിസംബർ 19 വ്യാഴം മുതൽ 22 ഞായർ വരെ അയ്യപ്പസ്വാമിയുമായി ബന്ധപ്പെട്ടുള്ള ഉപദേവന്മാരും അവരുടെ ഐതിഹ്യവും, ചരിത്രവും ആചാരവും, ശബരിമലയിലെ ദിവ്യ ചൈതന്യത്തെക്കുറിച്ചുള്ള ഐതിഹ്യവും, ചരിത്രവും ആചാരവും, ശബരിമലയിൽ ഇതുവരെ നടന്ന സംഭവവികാസങ്ങൾ, തുടങ്ങി നിരവധി കാര്യങ്ങൾ വിവരിക്കുന്ന അയ്യപ്പ മഹാസത്രം ആദ്യമായി പാവക്കുളം മഹാദേവ ക്ഷേത്രത്തൽ തുടങ്ങി. ജസ്റ്റിസ് പി എൻ രവീന്ദ്രൻ അയ്യപ്പ മഹാസത്രത്തിനു ഭദ്രദീപം തെളിയിച്ചു. മുഖ്യയജ്ഞാചാര്യൻ എം. ജി. വിനോദും സഹ യജ്ഞാചാര്യൻ മോഹനൻ നോച്ചാടും ആചാരങ്ങളെ കുറിച്ച് സംസാരിച്ചു. പ്രസിഡന്റ് പങ്കജാക്ഷൻ .ടി , ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, വി ശ്രീകുമാർ, ഓ ഉണ്ണികൃഷ്ണൻ, കെ പി മാധവൻകുട്ടി, ശബരിമല മുൻ മേൽശാന്തി ശശി തിരുമേനി തുടങ്ങിയവർ പ്രസംഗിച്ചു.

# വൈദ്യുതി ചാർജ് വർധനവിനെതിരെ പ്രതിഷേധ ധർണ്ണ നടത്തി

**ആലുവ ;** വൈദ്യുതി ചാർജ് വർധനവിനെതിരെ ട്വന്റി 20 പാർട്ടി ആലുവ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ആലുവ കെ എസ് ഇ ബി ഓഫീസിനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി. ട്വന്റി 20 പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം അഡ്വ. ചാർളി പോൾ ധർണ്ണ ഉദ്ഘാടനം ചെയ്തു.സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാത്തതും കെടുകാര്യസ്ഥതയും കിട്ടാക്കടം പിരിക്കുന്നതിലെ വീഴ്ചയും അധിക തസ്തികകളും റദ്ദാക്കപ്പെട്ട ദീർഘകാല കരാറുകളും ജീവനക്കാരുടെ ഉയർന്ന ശബളവുമാണ് വൈദ്യുത ചാർജിന് പിന്നിലെ കാരണങ്ങളെന്ന് അഡ്വ. ചാർളി പോൾ പറഞ്ഞു. പ്രവർത്തനം കാര്യക്ഷമമാക്കാൻ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിങ്ങനെ മൂന്ന് കമ്പനികളായി വൈദ്യുതി വകുപ്പിനെ മാറ്റണമെന്നും അദ്ദേഹം പറഞ്ഞു.



വൈദ്യുതി ചാർജ് വർധനവിനെതിരെ ട്വന്റി 20 പാർട്ടി ആലുവ കെ.എസ് ഇ ബി ഓഫീസിന് മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം അഡ്വ ചാർളി പോൾ ഉദ്ഘാടനം ചെയ്യുന്നു. ഭാരവാഹികളായ സന്തോഷ് വർഗ്ഗീസ്, രജി പ്രകാശ് എടത്തല , ജോസ് മാവേലി, റെയ്ജു നെടുമ്പാശ്ശേരി എന്നിവർ സമീപം

യോഗത്തിൽ നിയോജക മണ്ഡലം ഇൻ ചാർജ് രജി പ്രകാശ് എടത്തല അധ്യക്ഷത വഹിച്ചു. ജില്ലാ കോ ഓർഡിനേറ്റർ സന്തോഷ് വർഗ്ഗീസ്, ജോസ് മാവേലി, റെയ്ജു നെടുമ്പാശ്ശേരി,ഷിബു സെബാസ്റ്റ്യൻ, പി.എൻ . സോമൻ, പി.വി ഏലിയാസ്, സേവ്യർ ആന്റണി, സന്തോഷ് മാത്യു എന്നിവർ പ്രസംഗിച്ചു.

## ഇന്നത്തെ പരിപാടി

എറണാകുളം ലൂർദ്ദ് ആശുപത്രി: എറണാകുളം ലൂർദ്ദ് ആശുപത്രി വജ്രജൂബിലി ആഘോഷം 'ലെഗാമെ 24 '. വരാപ്പുഴ രൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് കളത്തിപ്പറമ്പിൽ, ചലച്ചിത്ര താരം നരേൻ, സംവിധായകൻ ജിസ് ജോയ് വൈകുന്നേരം 4.30

# ക്രിസ്മസ് ആഘോഷം; വിസ്മയരാവ് 22 ന്

**കൊച്ചി:** സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും വർണ കാഴ്ചകളുമായി എറണാകുളത്തിനു പുതിയ വസന്തം സമ്മാനിച്ച വിസ്മയരാവ് ഇത്തവണ ഡിസംബർ 22 ന് ആഘോഷിക്കുമെന്ന് ജനറൽ കൺവീനർ ഫാ മാർട്ടിൻ തൈപ്പറമ്പിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. എറണാകുളം വൈറ്റില മുതൽ കടവന്ത്ര വരെയുള്ള ഒൻപതു ക്രൈസ്തവ സഭകളിലെ വിശ്വാസികൾ അണിയിച്ചൊരുക്കുന്ന ഈ സ്നേഹസംഗമത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ആഘോഷ കമ്മിറ്റി രക്ഷാധികാരി ഡോ. ഫാ. ജോയ് അയിനിയാടൻ പറഞ്ഞു.എളംകുളം ലിറ്റിൽ ഫ്ലവർ, സെന്റ് ഗ്രിഗോറിയോസ്, ജറുസലേം മാർത്തോമ്മ, സിഎസ്ഐ ക്രൈസ്റ്റ്, സെന്റ് മേരീസ് സൂനോറോ, ഫാത്തിമ മാതാ, കടവന്ത്ര സെന്റ് ജോസഫ്, സെന്റ് സെബാസ്റ്റ്യൻ, വൈറ്റില സെന്റ് പാട്രിക് എന്നീ പള്ളികളിലെ വിശ്വാസികളും നാനാജാതി മതസ്ഥരുമാണ് മതമൈത്രിയുടെയും എക്യുമെനിസത്തിന്റെയും ഈ സ്നേഹത്തിന്റെ വിസ്മയം അണിയിച്ചൊരുക്കുന്നത്.

എളംകുളം ചെറുപുഷ്പ നഗറിൽ നിന്ന് വൈകുന്നേരം 5.30ന് ആരംഭിക്കുന്ന ഘോഷയാത്രയിൽ 2024 പാപ്പാഞ്ഞിമാരും നൂറുകണക്കിന് കുഞ്ഞു മാലാഖമാരും അണിനിരക്കും. ഉമാ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്ന ഘോഷയാത്ര കടവന്ത്ര സർക്കിൾ ഇൻസ്പെക്ടർ പി.എം രതീഷ് ഫ് ളാഗ് ഓഫ് ചെയ്യും.

ആയിരത്തിലധികം നക്ഷത്രദീപങ്ങൾ ഒളിവിതറുന്ന സംഗമവേദിയായ ഫാത്തിമ നഗറിൽ ഘോഷയാത്ര എത്തിച്ചേരും. ഒൻപതു ദേവാലയങ്ങളിലെ വൈദിക പ്രതിനിധികൾ ചേർന്ന് ദീപംതെളിച്ച് ഈ എക്യുമെനിക്കൽ സംഗമത്തിന് തുടക്കം കുറിക്കും. വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കൊച്ചി മേയർ അഡ്വ. അനിൽകുമാർ ഉദ്ഘാടനം നിർവഹിക്കും. റിട്ട. ചീഫ് ജസ്റ്റീസ് കുര്യൻ ജോസഫ് ക്രിസ്മസ് സന്ദേശം നൽകും. ടി.ജെ. വിനോദ് എംഎൽഎ, ഫാ. രഞ്ജു വർഗീസിന് നൽകി വിസ്മയരാവിന്റെ സുവനീർ ഒലീശെ 2024 പ്രകാശനം ചെയ്യും. ഫാ. ജോയ് അയിനിയാടൻ കേക്ക് മുറിച്ച് മധുരം പങ്കുവയ്ക്കും. തുടർന്ന് സ്നേഹവിരുന്നും ക്രിസ് മെലഡിയും കലാപരിപാടികളും നടക്കും.ആഘോഷ കമ്മിറ്റി രക്ഷാധികാരി ഡോ. ഫാ. ജോയ് അയിനിയാടൻ, ജനറൽ കൺവീനർ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, ഫാ. ബേസിൽ ഏബ്രഹാം, ഫാ. ജോസഫ് കണിയാംപറമ്പിൽ, ഫാ. ദീപു ജോബ്, പീറ്റർ ഡാമിയൻ , രേഖാ ബിറ്റ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കെ ടി യു ഫുട്ബോൾ ക്യാമ്പ് ഇന്ന് സമാപിക്കും

**തിരുവനന്തപുരം:** സാങ്കേതിക സർവകലാശാല നടത്തിയ ഫുട്ബോൾ പരിശീലന ക്യാമ്പിന് ഇന്ന് (20.12.2024) സമാപനം കുറിക്കും. എട്ടു ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ ഇരുപത്തിയഞ്ചോളം പേർ പങ്കെടുത്തു. ദേശിയ തലത്തിൽ സാങ്കേതിക സർവ്വകലാശാലയെ പ്രതിനിധികരിക്കുന്നതിന് കേരളത്തിലെ വിവിധ എൻജിനിയറിങ് കോളേജുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മികച്ച കളിക്കാരെ ഉൾപ്പെടുത്തിയാണ് സാങ്കേതിക സർവകലാശാല ഫുടബോൾ ടീമിന് രൂപം നൽകിയിരിക്കുന്നത്.

പരിശീലന ക്യാമ്പിനോട് അനുബന്ധചിച്ചു കേരള ബ്ലാസ്റ്റേഴ്സ് അണ്ടർ 17 ടീമിനെതിരെയും, എഫ് സി സീനിയർ ടീം പറവൂരിനെതിരെയും, ഫിസാറ്റ് ഫുട്ബോൾ ടീമിനെതിരെയും പരിശീലന മത്സരങ്ങൾ സംഘടിപ്പിച്ചു. തുടർന്ന് മികച്ച പരിശീലനം ഉറപ്പാക്കുന്നതിൻറെ ഭാഗമായി കളിക്കാർക്ക് ഐസ് ട്രീറ്റുമെന്റും, ഹെൽത്ത് പരിശീലനവും, വാട്ടർ പൂൾ പരിശീലനവും സംഘടിപ്പിച്ചു, പരിശീലന ക്യാംബ് ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ഉത്ഘാടനം ചെയ്തു.

ചടങ്ങിൽ പ്രിൻസിപ്പൽ ജേക്കബ് തോമസ് അധ്യക്ഷത വഹിച്ചു. പരിശീലനം പൂർത്തിയാക്കിയ കളിക്കാർ യൂണിവേഴ്സിറ്റിയെ പ്രാതിനിധികരിച്ചു ദേശിയ തലത്തിൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കും. ചടങ്ങിൽ സാങ്കേതിക സർവകലാശാല ഫുട്ബാൾ കോച്ച് ഷാജു കെ പോൾ, അസിസ്റ്റൻറ് കോച്ച് എൽബിൻ രാജു, ഫിസാറ്റ് മാനേജ്!മെൻറ് കമ്മിറ്റി അംഗങ്ങളായ ജോർജ് സി ചാക്കോ, അജിത് കുമാർ കെ കെ, ഫിസാറ്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോ ഓർഡിനേറ്റർ ടി എസ് അമൽ ദേവ് തുടങ്ങിയവർ പങ്കെടുത്തു.

## മികച്ച കോളേജ് മാഗസിനുകൾക്കു കേരള മീഡിയ അക്കാദമി അവാർഡ്: ജനുവരി 15 വരെ അപേക്ഷിക്കാം

**കൊച്ചി:** കേരളത്തിലെ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ മികച്ച കോളേജ് മാഗസിനുകൾക്കുള്ള കേരള മീഡിയ അക്കാദമി അവാർഡിന് എൻട്രികൾ ജനുവരി 15 വരെ സമർപ്പിക്കാം. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പങ്കെടുക്കാം. 20232024 അദ്ധ്യയനവർഷത്തിൽ പ്രസിദ്ധീകരിച്ചതായിരിക്കണം മാഗസിൻ. ഒന്നാം സമ്മാനം 25000 രൂപയും മുഖ്യമന്ത്രിയുടെ ട്രോഫിയും. രണ്ടും മൂന്നും സമ്മാനം യഥാക്രമം 15,000 രൂപയും 10,000 രൂപയും ട്രോഫിയും.

താത്പര്യമുള്ളവർ മാഗസിന്റെ അഞ്ചുകോപ്പികൾ സഹിതം പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം, എഡിറ്ററുടെ വിലാസം, മൊബൈൽ നമ്പർ, ഇമെയിൽ എന്നിവ അടങ്ങിയ അപേക്ഷ 2024 ജനുവരി 15നകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി682030 (ഫോൺ: 04842422068, 04712726275) എന്ന വിലാസത്തിൽ അയക്കുക.

## മെഡിക്കൽ കോളജിൽ നിയമനം

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിൽ എൻഡോക്രൈനോളജി വിഭാഗത്തിനു കീഴിലെ ഐ.സി.എം.ആർ പ്രോജക്ടിൽ പ്രോജക്ട് ടെക്നിക്കൽ സപ്പോർട്ട് ക തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 40 വയസ്. സയൻസ് വിഷയത്തിൽ പ്ലസ്ടു പാസ്സായിരിക്കണം. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യനിൽ രണ്ടു വർഷത്തെ ഡിപ്ലോമ അല്ലെങ്കിൽ ഒരു വർഷത്തെ ഡി.എം.എൽ.ടിയും ഒരു വർഷത്തെ പ്രവർത്തിപരിചയവും അല്ലെങ്കിൽ ഡിഗ്രി/ഡിപ്ലോമ ഇൻ നഴ്സിംഗ് & കേരള മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷനും അല്ലെങ്കിൽ ഡിഗ്രി/ഡിപ്ലോമ ഇൻ ബയോടെക്നോളജി വേണം. ബി.എസ്.സി ബിരുദം മൂന്ന് വർഷത്തെ പ്രവർത്തി പരിചയമായി കണക്കാക്കും. ക്ലിനിക്കൽ ട്രയൽസിനുള്ള ജി.സി.പി സർട്ടിഫിക്കറ്റ് വേണം. പ്രതിമാസ വേതനം ഞൈ. 18,000 + എച്ച്.ആർ.എ. കരാർ കാലാവധി ഒരു വർഷമാണ്.

മേൽ പറഞ്ഞ യോഗ്യതയുള്ളവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജനുവരി ഒന്നിന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം.

## മീഡിയ അക്കാദമി ഫെലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** മാധ്യമരംഗത്തെ പഠനഗവേഷണങ്ങൾക്കുള്ള കേരള മീഡിയ അക്കാദമിയുടെ ഫെലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്ത് മാധ്യമ പ്രവർത്തനം നടത്തുന്നവർക്കും കേരളത്തിൽ ആസ്ഥാനമുള്ള മാധ്യമങ്ങൾക്ക് വേണ്ടി അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമ പ്രവർത്തകർക്കും (ഇംഗ്ലീഷ്മലയാളം) അപേക്ഷിക്കാം. പതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയാണ് ഫെലോഷിപ്പ് തുക.

അപേക്ഷകർ ബിരുദധാരികളും മാധ്യമരംഗത്ത് കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവൃത്തി പരിചയമുള്ളവരുമായിരിക്കണം. മാധ്യമ പഠന വിദ്യാർത്ഥികൾക്കും മാധ്യമപരിശീലന രംഗത്തുള്ള അദ്ധ്യാപകർക്കും അപേക്ഷിക്കാം. വിദ്യാർത്ഥികൾക്ക് പ്രവൃത്തിപരിചയം നിർബന്ധമല്ല.സൂക്ഷ്മവിഷയങ്ങൾ, സമഗ്രവിഷയങ്ങൾ, സാധാരണ വിഷയങ്ങൾ എന്നു മൂന്നായി തരംതിരിച്ചാണ് ഫെലോഷിപ്പ് നൽകുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ഫെലോഷിപ്പ് നൽകില്ല. പട്ടികജാതിപട്ടികവർഗമറ്റ് അർഹവിഭാഗങ്ങൾ, കുട്ടികൾ, സ്ത്രീകൾ, നവോത്ഥാന പ്രസ്ഥാനങ്ങളും മാധ്യമങ്ങളും എന്നീ വിഭാഗത്തിലുള്ള പഠനങ്ങൾക്കു മുൻഗണന നൽകും. പഠനങ്ങളിൽ മാധ്യമങ്ങളുടെ പങ്ക് ഉണ്ടാകണം. അപേക്ഷാഫോറവും നിയമാവലിയും അക്കാദമി വെബ്സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്യാം. (www.keralamediaacademy.org).കൂടുതൽ വിവരങ്ങൾക്ക് 0484 2422275 എന്ന നമ്പറിൽ ബന്ധപ്പെടാം. അപേക്ഷയും സിനോപ്സിസും ജനുവരി 20നകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 682 030 എന്ന വിലാസത്തിൽ ലഭിക്കണം.

## നൈപുണ്യ വികസന പരിശീലനം

**തിരുവനന്തപുരം:**പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾ കിറ്റ് ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കരുത്. 60 വയസുവരെയുള്ളവർക്ക് അപേക്ഷിക്കാം. www.bwin.kerala.gov.in മുഖേന ഓൺലൈനായി ജനുവരി 10നകം അപേക്ഷ സമർപ്പിക്കണം. ഇത് സംബന്ധിച്ച വിജ്ഞാപനം www.bwin.kerala.gov.in, www.bcdd.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽവിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകപ്പിന്റെ മേഖലാ ഓഫീസുകളുമായി ബന്ധപ്പെടാം. ഫോൺ: കൊല്ലം മേഖലാ ഓഫീസ് 0474 2914417, എറണാകുളം മേഖലാ ഓഫീസ് 0484 2429130, പാലക്കാട് മേഖലാ ഓഫീസ് 0491 2505663, കോഴിക്കോട് മേഖലാ ഓഫീസ് 0495 2377786.

# കടമ്പ്രയാർ ഇക്കോ ടൂറിസം പദ്ധതിയിൽ തീരം കഫെ നാളെ മുതൽ

**കൊച്ചി:** ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള കടമ്പ്രയാർ ഡെസ്റ്റിനേഷ9 മാനേജ്മെന്റ് കൗൺസിലിന്റെ (ഡിഎംസി) നേതൃത്വത്തിൽ കടമ്പ്രയാർ ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി തീരം കഫെ പ്രവർത്തന മാരംഭിക്കുന്നു. തീരം കഫെയുടെ ഉദ്ഘാടനം ഡിസംബർ 21 ശനിയാഴ്ച വൈകിട്ട് മുൻ ജിസിഡിഎ ചെയർമാൻ സി.എൻ. മോഹനൻ നിർവഹിക്കുമെന്ന് പി.വി. ശ്രീനിജിൻ എംഎൽഎ അറിയിച്ചു.

ജില്ലയിലെ ഏറ്റവും മികച്ച പരിസ്ഥിതി സൗഹൃദ ഹരിത വിനോദ സഞ്ചാര ഇടനാഴിയായി കടമ്പ്രയാർ പുഴയോരത്തെ മാറ്റുന്നതിനും കൂടുതൽ വിനോദ സഞ്ചാര അധിഷ്ഠിത സംരംഭങ്ങളും പ്രാദേശിക തൊഴിലവസരങ്ങളും വ4ധിപ്പിക്കുകയാണ് ലക്ഷ്യമെന്ന് പി.വി. ശ്രീനിജിൻ പറഞ്ഞു. വിവിധ സ്വകാര്യ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയുള്ള മാതൃകയാകും നടപ്പാക്കുകയെന്നും ശ്രീനിജൻ പറഞ്ഞു. ചടങ്ങിൽ പി.വി. ശ്രീനിജിൻ അധ്യക്ഷത വഹിക്കും. ഡിഎംസി ഭരണസമിതി അംഗങ്ങളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കും.കടമ്പ്രയാർ ഇക്കോ ടൂറിസം പദ്ധതിയിൽ വിവിധ ആസ്തികളുടെ നവീകരണത്തിന്റെ ഭാഗമായി ആദ്യ സോൺ എന്ന നിലയിലാണ് കടമ്പ്രയാർപഴങ്ങനാടുള്ള റെസ്റ്ററന്റ് നവീകരിച്ച് തീരം കഫെയാക്കുന്നത്.ഉദ്ഘാടനത്തിനു ശേഷം പ്രത്യേകം സജ്ജമാക്കിയ വേദിയിൽ 2025 ജനുവരി ഒന്നു വരെ എല്ലാ ദിവസവും വിവിധ കലാപരിപാടികളും കുടുംബശ്രീയുടെ നേതൃത്വത്തിൽ വൈവിധ്യമാർന്ന ഗ്രാമീണ ഉത്പന്ന വിപണന മേളയും സംഘടിപ്പിച്ചിട്ടുണ്ട്. പ്രവേശനം സൗജന്യം.

കടമ്പ്രയാർ ഇക്കോ ടൂറിസം പദ്ധതിയുടെ സോൺ രണ്ടിൽ മനക്കകടവ് മുതൽ പഴങ്ങനാട് വരെയുള്ള രണ്ട് തൂക്കുപാലങ്ങളെയും ബന്ധിപ്പിച്ച് നടപ്പാത നവീകരിച്ച് മാതൃകാ ഹരിത ഇടനാഴിയായി സൗന്ദര്യവത്കരിക്കുന്ന പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. കൃഷി വകുപ്പുമായി സഹകരിച്ച് ഫാം ടൂറിസം പദ്ധതിയും പരിഗണനയിലുണ്ട്. ഉല്ലാസ ബോട്ട് യാത്രകൾ ആരംഭിക്കാൻ തത്പരരായ ടൂറിസം സംരംഭകരുടെ സഹകരണത്തോടെ കടമ്പ്രയാർ ബോട്ട് ക്ലബ്ബ് 2025 ജനുവരിയിൽ യാഥാർഥ്യമാകും.

# സിദ്ധ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും

**തിരുവനന്തപുരം:** എട്ടാമത് സിദ്ധ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് പൂജപ്പുര സരസ്വതീ മണ്ഡപത്തിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും.

ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ്, ആരോഗ്യ ഭക്ഷ്യ മേള, ഔഷധസസ്യ പ്രദർശനം എന്നിവയും പൂജപ്പുര മണ്ഡപത്തിൽ വച്ച് നടത്തുന്നു. ആയുഷ് വകുപ്പിന്റെയും നാഷണൽ ആയുഷ് മിഷന്റെയും പൂജപ്പുര സിദ്ധ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ സൗജന്യ രക്ത പരിശോധന, അസ്ഥി സാന്ദ്രത നിർണയ ക്യാമ്പ്, പ്രമേഹ ചികിത്സാ വിഭാഗം, ത്വക്ക് രോഗ ചികിത്സാ വിഭാഗം, അലർജി ആസ്ത്മ ക്ലിനിക്ക്, സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള പ്രത്യേക ഒപി, ജനറൽ ഒപി, എന്നിവയും ഉണ്ടാകും.

സിദ്ധ വൈദ്യ ശാസ്ത്രത്തിന്റെ പിതാവായ അഗസ്ത്യ മുനിയുടെ ജന്മദിനമാണ് സിദ്ധ ദിനമായി ആചാരിച്ച് വരുന്നുത്. ഈ വർഷത്തെ സിദ്ധ ദിനം 2024 ഡിസംബർ 19ന് രാജ്യമൊട്ടാകെ ആചരിക്കുകയാണ്. 'പൊതുജനാരോഗ്യം സിദ്ധയിലൂടെ' എന്നതാണ് ഈ വർഷത്തെ സിദ്ധ ദിനാചരണ സന്ദേശം. സിദ്ധ വൈദ്യത്തെ ഇന്ത്യയുടെ പരമ്പരാഗത ആരോഗ്യ പരിപാലന മേഖലയിൽ പ്രാധാന്യത്തോടെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഗുണങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനുമാണ് ഓരോ സിദ്ധ ദിനവും ആഘോഷിക്കുന്നത്.

# കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം: 250 സ്റ്റാളുകൾ, 150ലധികം പ്രസാധകർ

**തിരുവനന്തപുരം:** കേരള നിയമസഭ സംഘടിപ്പിക്കുന്ന മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ 250 സ്റ്റാളുകളിലായി 150ലധികം ദേശീയ അന്തർദേശീയ പ്രസാധകർ പങ്കെടുക്കുമെന്ന് നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനുവരി ഏഴിന് രാവിലെ 10.30ന് ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും. കർണാടക സ്പീക്കർ യു. ടി ഖാദർ, പ്രശസ്ത സാഹിത്യകാരൻ ദേവദത്ത് പട്നായിക്ക് എന്നിവർ മുഖ്യാതിഥികളാവും. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, ഉപനേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ പങ്കെടുക്കും.

കല, സാഹിത്യം, സാംസ്കാരികം തുടങ്ങിയ മേഖലകളിലെ സമഗ്രസംഭാവനയ്ക്ക് നിയമസഭ നൽകുന്ന നിയമസഭാ അവാർഡ് ഇത്തവണ എം. മുകുന്ദന് നൽകാൻ തീരുമാനിച്ചതായി സ്പീക്കർ പറഞ്ഞു. പുസ്തകോത്സത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡ് എം. മുകുന്ദന് സമ്മാനിക്കും. ഒരു ലക്ഷം രൂപയാണ് അവാർഡ് തുക.

13ന് നടക്കുന്ന സമാപന ചടങ്ങ് നടൻ പ്രകാശ് രാജ് ഉദ്ഘാടനം ചെയ്യും. നടൻ ഇന്ദ്രൻസിനെ ചടങ്ങിൽ ആദരിക്കും.


പുസ്തകോത്സവത്തിലെ വിവിധ വിഭാഗങ്ങളിൽ രാഷ്ട്രീയം, കല, സാഹിത്യം, സിനിമ മേഖലകളിലെ പ്രമുഖർ പങ്കെടുക്കും. പാനൽ ചർച്ചകൾ, ഡയലോഗ്, ടാക്ക്, മീറ്റ് ദ ഓതർ, സ്മൃതിസന്ധ്യ, കവിയരങ്ങ്, കഥാപ്രസംഗം, കവിയും കവിതയും, കഥയരങ്ങ്, ഏകപാത്രനാടകം, സിനിമയും ജീവിതവും തുടങ്ങി വിവിധ വിഭാഗങ്ങളിൽ 70ലധികം പരിപാടികൾ നടക്കും. 350 പുസ്തക പ്രകാശനവും 60 ലധികം പുസ്തക ചർച്ചകളും നടക്കും. ദിവസവും വൈകിട്ട് 7 മുതൽ വിവിധ മാധ്യമങ്ങളുടെ നേതൃത്വത്തിലുള്ള മെഗാഷോ നടക്കും.

കുട്ടികൾക്കായി സ്റ്റുഡന്റ്സ് കോർണർ ഒരുക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് തങ്ങൾ രചിച്ച പുസ്തകങ്ങൾ അവിടെ പ്രകാശനം ചെയ്യാം. ചെറിയ സ്റ്റേജ് പ്രോഗ്രാമുകളും വിദ്യാർത്ഥികൾക്ക് അവതരിപ്പിക്കാം. ഇതിനുള്ള രജിസ്ട്രേഷൻ പുരോഗമിക്കുകയാണ്.

ഇത്തവണ ഒരു ലക്ഷം വിദ്യാർത്ഥികളെയാണ് പ്രതീക്ഷിക്കുന്നതെന്ന് സ്പീക്കർ പറഞ്ഞു. വിദ്യാർത്ഥികൾക്ക് നിയമസഭാ ഹാൾ, മ്യൂസിയങ്ങൾ, മൃഗശാല എന്നിവ സന്ദർശിക്കാനുള്ള പാക്കേജും ഒരുക്കും. കെ. എസ്. ആർ. ടി. സിയുടെ ഡബിൾ ഡെക്കർ ബസിൽ സിറ്റി റൈഡും ക്രമീകരിച്ചിട്ടുണ്ട്.

പുസ്തകോത്സവ സ്റ്റാളുകളിൽ നിന്ന് വാങ്ങുന്ന 100 രൂപയിൽ കുറയാത്ത പർച്ചേസിന് സമ്മാന കൂപ്പൺ നൽകും. എല്ലാ ദിവസവും നറുക്കിട്ട് 20 വിജയികൾക്ക് 500 രൂപയുടെ പുസ്തക കൂപ്പൺ നൽകും. പുസ്തകോത്സവത്തിന്റെ ഭാഗമായി ഫുഡ്കോർട്ടും സജ്ജീകരിക്കും. മാധ്യമങ്ങൾക്ക് അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

# മലയാള കാവ്യസാഹിതി സമഗ്രസംഭാവന പുരസ്കാരം; ഡോ. മുഞ്ഞിനാട് പത്മകുമാറിനും പ്രൊഫ എൻ. ആർ മേനോനും



ഡോ. മുഞ്ഞിനാട് പത്മകുമാർ, പ്രൊഫ. എൻ. ആർ മേനോൻ

**കൊച്ചി :**സ്വതന്ത്രകലാസാഹിത്യസംഘടനയായ മലയാള കാവ്യസാഹിതി മൂന്നുവർഷത്തിലൊരിക്കൽ നൽകുന്ന സാഹിത്യസാമൂഹിക രംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം പ്രഖ്യാപിച്ചു. സാഹിത്യരംഗത്തെ സംഭാവന മുൻനിർത്തി ഡോ. മുഞ്ഞിനാട് പത്മകുമാറിനും സാമൂഹികരംഗത്തെ പ്രവർത്തനത്തിന് പ്രൊഫ. എൻ. ആർ മേനോനുമാണ്

10001 രൂപയും ശിൽപവും പ്രശസ്തിപത്രവുമടങ്ങിയ പുരസ്കാരം.കവി , വിമർശകൻ , വിവർത്തകൻ , പ്രഭാഷകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ ഡോ. മുഞ്ഞിനാട് പത്മകുമാർ അറുപതിലധികം പുസ്തകങ്ങളുടെ രചയിതാവാണ് . ദൂരദർശൻ , സൂര്യ ടി വി,ജയ്ഹിന്ദ് എന്നീ ചാനലുകളിൽ അവതാരകനായിരുന്നു . 1972 മേയ് 5 ന് കൊല്ലത്ത് ജനിച്ച പത്മകുമാർ മലയാളസാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും രമണമഹർഷിയുടെ ആദ്ധ്യാത്മികജീവിതത്തെക്കുറിച്ചുള്ള പഠനത്തിൽ ഡോക്ടറേറ്റും നേടി. എൻ ബി എസ്സിന്റെ മുൻ എഡിറ്ററായ പത്മകുമാർ എഴുത്തുജീവിതത്തിൽ നാല്പത് വർഷം പിന്നിടുകയാണ്.അദ്ധ്യാപകൻ, വിദ്യാഭ്യാസ വിചക്ഷണൻ, ജീവകാരുണ്യ പ്രവർത്തകൻ എന്നീനിലകളിൽ സ്തുത്യർ ഹ്യമായ വ്യക്തി ത്വത്തിനുടമയാണ് പ്രഫ. എൻ. ആർ മേനോൻ.രണ്ടാംവയസ്സിൽ പോളിയോ ബാധിച്ച് ഇരുകാലുകളും തളർന്നിട്ടും ആത്മധൈര്യംകൊണ്ട് വിദ്യാഭ്യാസം പൂർത്തിയാക്കി നിർദ്ധനവിദ്യാർത്ഥികൾക്കുവേണ്ടി കൊച്ചിയിൽ മാസ്റ്റർ കോച്ചിംഗ് ബോർഡ് എന്ന സ്ഥാപനം ആരംഭിക്കുകയും,അമൃത സർവ്വകലാശാലയിൽ ഓണററി വിസിറ്റിംഗ് പ്രൊഫസറായി ഇരുപത്തിരണ്ട് വർഷം സേവനമനുഷ്ഠിക്കുകയും ചെയ്ത പ്രൊഫ. എൻ. ആർ മേനോൻ, ശാരീരിക മാനസികവൈകല്യമുള്ളവരുടെ ഉന്നമനത്തിനായുള്ള അഖിലേന്ത്യ സംഘടനയായ സക്ഷമയുടെ

കേരള രക്ഷാധികാരിയാണ് . കൂടാതെ, യുവാക്കളുടെ സമഗ്ര വ്യക്തിത്വം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന പത്തോളം സംഘടനകളുടെ മാർഗ്ഗദർശിയും ഗ്രന്ഥകാരനുമാണ്.2025 ജനുവരി 11 , 12 തീയതികളിൽ എറണാകുളത്ത് നടക്കുന്നമലയാള കാവ്യസാഹിതി സംസ്ഥാനസമ്മേളനവേദിയിൽ വച്ച് എഴുത്തുകാരായ സി. രാധാകൃഷ്ണൻ,ഡോ. ദേശമംഗലം രാമകൃഷ്ണൻ എന്നിവർ പുരസ്കാരം സമർപ്പിക്കും.

# കുസാറ്റിലെ ഷിപ്പ് ടെക്നോളജി ഡിപ്പാർട്ട്മെൻറ് അമ്പതിന്റെ നിറവിൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതികസർവകലാശാലയിൽ ആയിരക്കണക്കിന് പ്രഗൽഭരായ എൻജിനീയർമാരെ വാർത്തെടുത്ത ഷിപ്പ് ടെക്നോളജി ഡിപ്പാർട്ട്മെൻറ് കപ്പൽ സാങ്കേതികവിദ്യ പഠനരംഗത്ത് 50 വർഷം പൂർത്തിയാക്കുന്നു. ഇതിനോടനുബന്ധിച്ച് ഡിസംബർ 21നു വിപുലമായ ആഘോഷങ്ങൾ കുസാറ്റിൽ നടക്കും. സുവർണ്ണ ജൂബിലിയുടെ ഭാഗമായി ഡിപ്പാർട്ട്മെൻറിലെ വിദ്യാർത്ഥി കൂട്ടായ്മയായ സൊസൈറ്റി ഓഫ് നേവൽ ആർക്കിടെക്ചർ സ്റ്റുഡൻസിൻറെ വാർഷിക സാങ്കേതിക ജേർണൽ ആയ ഷിപ്സ്ടെക്നികിൻറെ സുവർണ്ണ ജൂബിലി പതിപ്പ് പുറത്തിറക്കും. 1981ൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ ജേർണൽ, 34 പതിപ്പുകളിലൂടെ സമകാലിക സാങ്കേതികയും വ്യവസായപരമായ അറിവുകളും ഉൾകൊണ്ട് ഒരു ആഗോളനിലവാരത്തിലുള്ള പ്രസിദ്ധീകരണമായി വളർന്നു. ഈ സുവർണ്ണ ജൂബിലി പതിപ്പ് കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിൻറെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ മധു. എസ്. നായർ പ്രകാശനം ചെയ്യും. ഇത് ഷിപ്സ്ടെക്നികിൻറെ വളർച്ചയിലെ ഒരു നിർണായക ഘട്ടമായിരിക്കും. പ്രദർശനത്തിന് ശേഷം ഈ പതിപ്പ് പ്രേക്ഷകർക്ക് സ്നാസ്ൻറെ ഔദ്യോഗിക വെബ്സൈറ്റിലൂടെ വായിക്കാവുന്നതാണ്.

# സ്കിൽ ട്രെയിനർ നിയമനം

**കൊച്ചി:** സമഗ്രശിക്ഷ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി ജില്ലയിൽ വിവിധ സ്കൂളിൽ പ്രവർത്തനം ആരംഭിക്കുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളിൽ ട്രെയിനർ, സ്കിൽ സെന്റർ അസിസ്റ്റന്റ് തസതികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജില്ലാ പ്രൊജക്ട് കോ ഓർഡിനേറ്ററുടെ കാര്യാലയം, സമഗ്രശിക്ഷ കേരളം, എറണാകുളം, എസ് ആർവി (ഡി) എൽപി സ്കൂൾ കാമ്പസ്, ചിറ്റൂർ റോഡ്, എറണാകുളം 682011 എന്ന വിലാസത്തിൽ ഡിസംബർ 28 ന് വൈകിട്ട് നാലിന് മുമ്പ് ലഭിക്കണം. ഫോൺ 0484 2962041




# ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് മേഖലയായി ഇന്ത്യ മാറും: മണി കോൺക്ലേവ്

**കൊച്ചി:** റിയൽ എസ്റ്റേറ്റ് രംഗത്തെ ഏറ്റവും സുരക്ഷിതമായ നിക്ഷേപമാണ് റിയൽ എസ്റ്റേറ്റ് ഇൻവസ്റ്റ്മൻറ് ട്രസ്റ്റ് (റീറ്റ്) എന്ന് കൊച്ചിയിൽ നടന്ന മണി കോൺക്ലേവ് ഉച്ചകോടിയിൽ പങ്കെടുത്ത അന്താരാഷ്ട്ര വിദഗ്ധർ അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ നിലവിലെ വളർച്ചാനിരക്ക് പരിഗണിച്ചാൽ 20 വർഷത്തിനുള്ളിൽ ലോകത്തിലെ ഏറ്റവും വലിയ റിയൽ എസ്റ്റേറ്റ് നിക്ഷേപമേഖലയായി ഇന്ത്യ മാറുമെന്ന് അവർ പ്രതീക്ഷ പ്രകടിപ്പിച്ചു.റിയൽ എസ്റ്റേറ്റ് മേഖലയിലെ സാധ്യതകൾ എന്ന വിഷയത്തിലാണ് പാനൽ ചർച്ചകൾ നടന്നത്. റിയൽ എസ്റ്റേറ്റ് ദീർഘവീക്ഷണമുള്ളവർക്ക് വേണ്ടിയാണെന്ന് പാനലിസ്റ്റുകൾ ഓർമ്മിപ്പിച്ചു. റിയൽ എസ്റ്റേറ്റ് നിർമ്മാണ രംഗത്ത് നിക്ഷേപിക്കുന്നതിനേക്കാൾ എളുപ്പമാണ് റീറ്റിൽ നിക്ഷേപിക്കുന്നതെന്ന് സിബിആർഇ അഡ്വൈസറി ഹെഡ് റോമിൽ ദുബേ പറഞ്ഞു. പതിനായിരം രൂപ കയ്യിലുള്ള ചെറുകിട നിക്ഷേപകർക്ക് പോലും മികച്ച ദീർഘകാല വരുമാനമാർഗ്ഗമായി ഇതിനെ ഉപയോഗിക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയിൽ ഭൂമി നിയമങ്ങളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്ന പുതിയ നികുതി, നിയന്ത്രണങ്ങൾ എന്നിവയെല്ലാം ഭാവിയിലെ ശക്തമായ സാമ്പത്തിക അടിത്തറയെ കാണിക്കുന്നുവെന്ന് ഗൂഗിൾ ഇന്ത്യ റിയൽ എസ്റ്റേറ്റ് ഹെഡ് ഗണേഷ് പരമേശ്വരൻ ചൂണ്ടിക്കാട്ടി. രണ്ട് പതിറ്റാണ്ട് കൂടി കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും ഡിമാൻഡുള്ള റിയൽ എസ്റ്റേറ്റ് മേഖലയായി ഇന്ത്യ മാറുമെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയിലെ റിയൽ എസ്റ്റേറ്റ് മേഖലയിൽ ഏറ്റവുമധികം പ്രതീക്ഷ നൽകുന്ന നഗരങ്ങളിൽ മുൻപന്തിയിലാണ് കൊച്ചിയുടെ സ്ഥാനമെന്ന് ടാറ്റ റിയാൽറ്റിയുടെ സിഇഒ സഞ്ജയ് ദത്ത് ചൂണ്ടിക്കാട്ടി. നിക്ഷേപകരെന്ന നിലയിൽ വലിയ നഗരങ്ങളുടെ ഉപഗ്രഹ നഗരങ്ങളിൽ നിക്ഷേപം നടത്തുന്നത് ഭാവിയിൽ വലിയ ലാഭം ലഭിക്കാൻ കാരണമാകുമെന്ന് അദ്ദേഹം പറഞ്ഞു. ഗ്രീനിക് മുൻ സിഇഒ ഫാരിഖ് നൗഷാദ് ചർച്ചയിൽ മോഡറേറ്ററായിരുന്നു.ആഗോള നിക്ഷേപം എന്ന വിഷയത്തിൽ ബി സ്കൂൾ ഇൻററനാഷണലിൻറെ അക്കാദമിക് ഡീൻ ഫൈസൽ പി സെയ്ദ്, ആഷിഖ് ആൻഡ് അസോസിയേറ്റ്സ് സ്ഥാപകൻ സിഎസ് ആഷിഖ്, പ്രൊഫൈൽ ബിസിനസ് സൊല്യൂഷൻസ് സഹസ്ഥാപക ഡോ. നസ്രിൻ മിഥിലാജ് തുടങ്ങിയവർ സംസാരിച്ചു.

ബിൽഡിംഗ് എ റിസലിയൻറ് പോർട്ട്ഫോളിയോ എന്ന വിഷയത്തിൽ ഹെഡ്ജ് ഇകിറ്റീസ് സിഎംഡി അലക്സ് കെ ബാബു, 360വൺ വെൽത്ത് പാർട്ണർ ദീപക് വർഗീസ്, ഷെയർവെൽത്ത് സെക്യൂരിറ്റീസ് സ്ഥാപകൻ രാമകൃഷ്ണൻ ടി ബി, അസറ്റ് ആൻഡ് ട്രസ്റ്റ് പാർട്ണർ ഷിഹാബ് മേച്ചേരി തുടങ്ങിയവർ സംസാരിച്ചു.ക്രിപ്റ്റോ കറൻസി ആൻഡ് ബ്ലോക്ക് ചെയിൻ എന്ന വിഷയത്തിൽ വൈറൂട്ട്സ് സ്ഥാപകൻ ഡോ. സജീവ് നായർ, ഇന്ത്യ ആൻഡ് ഗ്ലോബൽ പാർട്ണർഷിപ്പ് ഹെഡ് മൻഹർ ഗെയർഗ്രാറ്റ്, ബിറ്റ്സേവ് സ്ഥാപകൻ സാക്കിൽ സുരേഷ്, ന്യൂ എർത്ത് ലാബ്സിൻറെ സിഇഒ ബുഷൈർ എന്നിവരും സംസാരിച്ചു.കേരളത്തിൽ നിന്നുള്ള ആഗോള ബ്രാൻഡുകൾ എന്ന വിഷയത്തിൽ ഐഐസി ലക്ഷ്യ എംഡി ഓർവെൽ ലയണൽ, ഓപ്പൺ സ്ഥാപകൻ അനീഷ് അച്യുതൻ, ഹുറൂൺ ഇന്ത്യ സ്ഥാപകൻ അനസ് റഹ്മാൻ ജുനൈദ്, എക്സ്പ്രസോ ഗ്ലോബൽ സിഇഒ അഫ്താബ് ഷൗക്കത്ത് പി വി, സ്റ്റാർട്ടപ്പ് കൺസൽട്ടൻറ് അഭിജിത് പ്രേമൻ എന്നിവർ സംസാരിച്ചു.സ്വന്തം ബ്രാൻഡിലൂടെ സ്വയം ശാക്തീകരണം എന്ന പാനലിൽ എഡാപ്ട് സിഇഒ ഉമർ അബ്ദുസ്സലാം, ബിസ്കൂൾ ഇൻറർനാഷണൽ സഹസ്ഥാപകൻ ജാബിർ മാനിങ്കൽ, സംരംഭക ഉപദേശകൻ ജിഷാദ് ബക്കർ എന്നിവരും പങ്കെടുത്തു

# പൂർവ്വവിദ്യാർത്ഥി പുരസ്കാരങ്ങൾക്ക് അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** നൂതനാശയങ്ങളിലൂടെയും ഗവേഷണ മികവിലൂടെയും നേതൃപാടവത്തിലൂടെയും സാമൂഹിക ഇടപെടലുകളിലൂടെയും തങ്ങളുടെ മേഖലകളിൽ നിർണായക സ്വാധീനം ചെലുത്തിയ പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികളെ ആദരിക്കുന്നതിനായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കുസാറ്റ് അലുമ്നി നെറ്റ്വർക്ക് ഏർപ്പെടുത്തിയ കുസാറ്റ് വിശിഷ്ട പൂർവ്വവിദ്യാർത്ഥി പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. അക്കാദമിക ഗവേഷണ മികവ്, ബിസിനസ്/ഇൻഡസ്ട്രി/എന്റർപ്രൈസ് മേഖലയിലെ നേതൃപാടവം, ക്രിയാത്മകമായ സാമൂഹിക ഇടപെടലുകൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി അസാധാരണമായ കരിയർ വിജയം കൈവരിച്ച മൂന്ന് പൂർവ്വവിദ്യാർത്ഥികൾക്കാണ് 1.50 ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരങ്ങൾ സമ്മാനിക്കുന്നത്.

അപേക്ഷകർ കുസാറ്റിൽ നിന്ന് ബിരുദം, ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ഡോക്ടറൽ ബിരുദം നേടിയവരായിരിക്കണം. കുസാറ്റ് അലുംനി നെറ്റ്വർക്കിന്റെ നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് അപേക്ഷിക്കാനാകില്ല. ഡിപ്പാർട്ട്മെന്റ് അലുംനി അസോസിയേഷനുകൾക്ക് അതത് വകുപ്പിലെ രക്ഷാധികാരികൾ വഴിയോ മേധാവികൾ വഴിയോ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമായ നിശ്ചിത ഫോർമാറ്റിൽ നാമനിർദേശം സമർപ്പിക്കാം. ഓരോ വകുപ്പിനും ഓരോ വിഭാഗത്തിലുമായി രണ്ട് സ്ഥാനാർത്ഥികളെ വരെ നാമനിർദ്ദേശം ചെയ്യാം. ഓരോ വകുപ്പിലും നാമനിർദ്ദേശങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20 ആണ്. വകുപ്പു മേധാവികൾക്ക് പ്രോവൈസ് ചാൻസലറുടെ ഓഫീസിൽ നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 30 ആണ്. കൂടുതൽ വിവരങ്ങൾക്ക്, അതത് www.cusat.ac.in സന്ദർശിക്കുക, അല്ലെങ്കിൽ കുസാറ്റ് അലുമ്നി നെറ്റ്വർക്കുമായോ ഡിപ്പാർട്ട്മെന്റ് അലുമ്നി അസോസിയേഷനുമായോ ബന്ധപ്പെടുക.2022ൽ വിതരണം ചെയ്ത പ്രഥമ കുസാറ്റ് വിശിഷ്ട പൂർവ്വവിദ്യാർത്ഥി പുരസ്കാരങ്ങൾ' നേടിയവർ കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ, ജസ്റ്റിസ് (റിട്ട.) കെ.എസ്. രാധാകൃഷ്ണൻ, ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ അറ്റ്മോസ്ഫെറിക് ആന്റ് ഓഷ്യാനിക് സയൻസസ് കേന്ദ്രത്തിലെ പ്രൊഫസറും അധ്യക്ഷനുമായ പ്രൊഫ. പി.എൻ. വിനയചന്ദ്രൻ എന്നിവരാണ്.




# ക്വാളിറ്റി പ്രൊമോഷൻ കേന്ദ്രമെന്ന അംഗീകാരം നേടി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയെ ക്വാളിറ്റി പ്രൊമോഷൻ കേന്ദ്രമായി പ്രഖ്യാപിച്ച് കൺസോർഷ്യം ഓഫ് അക്രഡിറ്റഡ് ഹെൽത്ത്കെയർ ഓർഗനൈസേഷൻസ്. ബംഗളൂരുവിലെ ആസ്റ്റർ വൈറ്റ്ഫീൽഡ് ഹോസ്പിറ്റൽ മികച്ച ക്വാളിറ്റി പ്രൊമോഷൻ കേന്ദ്രങ്ങളിലൊന്നായി അംഗീകരിക്കപ്പെട്ടു. ആസ്റ്റർ മെഡ്സിറ്റിയിൽ ദ്വിദിനങ്ങളിലായി നടന്ന സമ്മേളനത്തിൽ വിവിധ സംസ്ഥാപനങ്ങളിൽ നിന്നുള്ള മുന്നൂറോളം പേർ പരിപാടിയിൽ പങ്കെടുത്തു. സി.എ.എച്ച്.ഒ സൗത്ത് സോണുമായി സഹകരിച്ച് നടന്ന പരിപാടി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് ഉദ്ഘാടനം ചെയ്തു.ആരോഗ്യപരിപാലനത്തിൽ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നൂതനാശയങ്ങളിലും രീതികളിലും ശ്രദ്ധകേന്ദ്രീകരിച്ച്, ഫാക്കൽറ്റികളും അഡ്മിനിസ്റ്റർമാരും ചേർന്ന് ശില്പശാലയും ഒരു മുഴുവൻ ദിന കോൺഫറൻസും അവതരിപ്പിച്ചു. ദക്ഷിണേന്ത്യയിലുടനീളമുള്ള ആശുപത്രികളിൽ നിന്ന് വിവിധ വകുപ്പ് നേതാക്കൾ, അഡ്മിനിസ്ട്രേറ്റർമാർ, ഗുണനിലവാരം, നഴ്സിംഗ്, ക്ലിനിക്ക് എന്നീ വിഭാഗങ്ങളിലുള്ളവർ പങ്കെടുത്തു . ഇന്ത്യൻ ആരോഗ്യമേഖലയിൽ ഉന്നത ഗുണനിലവാരമുള്ള സംരംഭങ്ങളെ കോഴ്സുകൾ, വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവയിലൂടെ മുന്നോട്ടുനയിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ നോൺ പ്രൊഫിറ്റ് സ്ഥാപനമാണ് സി.എ.എച്ച്.ഒ.




# ഭാവി ഒളിമ്പ്യൻമാരെ പിന്തുണയ്ക്കാൻ ആക്സിസ് ബാങ്ക്

**കൊച്ചി:** ഭാവി ഒളിമ്പ്യൻമാരെ പിന്തുണയ്ക്കാൻ ലക്ഷ്യമിട്ട് ഒജിക്യു ഫൗണ്ടേഷൻ ഫോർ പ്രൊമോഷൻ ഓഫ് സ്പോർട്സ് ആൻഡ് ഗെയിംസ് ഇൻസ്പയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട് എന്നിവയുമായി ആക്സിസ് ബാങ്ക് ധാരണാപത്രം ഒപ്പിട്ടു.നിലവിലുള്ള അത്‌ലറ്റുകളെ ഉയർന്ന തലത്തിൽ മത്സരിപ്പിക്കുന്നതിനും, യുവ ഇന്ത്യൻ അത്‌ലറ്റുകളെ പരിപോഷിപ്പിക്കുന്നതിനുമാണ് പങ്കാളിത്തം ലക്ഷ്യമിടുന്നത്. ബാങ്കിന്റെ സിഎസ്ആർ പദ്ധതിക്ക് കീഴിൽ ഇതാദ്യമായാണ് കായികരംഗത്തെ പിന്തുണയ്ച്ചുള്ള പങ്കാളിത്തമെന്നതും ശ്രദ്ധേയമാണ്.ഒജിക്യു എഫ്പിഎസ്ജിയുമായുള്ള പങ്കാളിത്തത്തിലൂടെ ആർച്ചറി, ബാഡ്മിന്റൺ, ബോക്സിംഗ്, ഷൂട്ടിങ്, ഗുസ്തി, അത്‌ലറ്റിക്സ്, സ്വിമ്മിങ്, ടേബിൾ ടെന്നീസ്, വെയ്റ്റ്ലിഫ്റ്റിങ്, സ്ക്വാഷ് തുടങ്ങി രാജ്യത്തിന് മെഡൽ സാധ്യതയുള്ള പത്ത് ഒളിമ്പിക്സ് ഇനങ്ങളിലും, അത്‌ലറ്റിക്സ്, ആർച്ചറി, ബാഡ്മിന്റൺ, ഷൂട്ടിങ്, പവർലിഫ്റ്റിങ്, ടേബിൾ ടെന്നീസ്, കനോയ്, ബ്ലൈൻഡ് ജൂഡോ എന്നീ എട്ട് പാരാലിംപിക്സ് ഇനങ്ങളിലും നാലു വർഷത്തേക്ക് 150 അത്‌ലറ്റുകൾക്ക് ആക്സിസ് ബാങ്ക് പിന്തുണ നൽകും. അത്യാധുനിക കളി ഉപകരണങ്ങൾ, വിദഗ്ധ പരിശീലനം, ന്യൂട്രീഷണൽ ഗൈഡിങ്, ഇഞ്ചുറി റീഹാബിലിറ്റേഷൻ പ്രോഗ്രാം തുടങ്ങിയ സേവനങ്ങൾ അത്‌ലറ്റുകൾക്ക് ലഭ്യമാവും. ഐ ഐഎസുമായി സഹകരിച്ച് ഇന്ത്യയിലെ ജൂഡോ പ്രതിഭകളുടെ തട്ടകമായി കണക്കാക്കുന്ന മണിപ്പൂരിൽ ജൂഡോ ഡെവലപ്മെന്റ് പ്രോഗ്രാം ആരംഭിക്കാനാണ് ആക്സിസ് ബാങ്ക് ലക്ഷ്യമിടുന്നത്. യുവ ജൂഡോക്കകൾക്കും (ജൂഡോ പരിശീലിക്കുന്നവർ) അടിസ്ഥാന വികസനത്തിന് പിന്തുണ നൽകാനും, അവർക്ക് മികച്ച പരിശീലനത്തിനും പരിശീലന സൗകര്യങ്ങളിലേക്കുമുള്ള ആഭിമുഖ്യം മെച്ചപ്പെടുത്താനും, മികച്ച ഒരു ജൂഡോ താരനിരയെ സൃഷ്ടിക്കാനും മൂന്ന് വർഷത്തെ പ്രോഗ്രാമിലൂടെ ആക്സിസ് ബാങ്ക് ലക്ഷ്യമിടുന്നു. മണിപ്പൂരിൽ നിന്നുള്ള 50 യുവ ജൂഡോകകൾക്കും, ഇന്ത്യയിലുടനീളമുള്ള 40 വനിതാ ജൂഡോകകൾക്കും ഈ പ്രോഗ്രാമിലൂടെ പരിശീലനം ലഭിക്കും.ഇന്ത്യയിലെ ഊർജസ്വലമായ സ്പോർട്സ് മേഖലയെ പിന്തുണയ്ക്കുന്നതിനായി ഒജിക്യൂ പ്രോഗ്രാമുമായും ഇൻസ്പയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ടുമായും പങ്കാളിയാകുന്നതിൽ ആക്സിസ് ബാങ്കിന് ഏറെ സന്തോഷമുണ്ടെന്ന് ആക്സിസ് ബാങ്കിന്റെ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഫോർ സ്ട്രാറ്റജിക് പ്രോഗ്രാംസ് ആൻഡ് സസ്റ്റയിനബിലിറ്റി വിജയ് മുൽബാഗൽ പറഞ്ഞു.

# പിനാക്കിൾ അവതരിപ്പിച്ച് ലീഡ് ഗ്രൂപ്പ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്കൂൾ എഡ്ടെക് സംരംഭമായ ലീഡ് ഗ്രൂപ്പ് ഉയർന്ന ഫീസ് ഈടാക്കുന്ന ഇന്ത്യയിലുടനീളമുള്ള 60,000 സ്കൂളുകളിലെ വിദ്യാർഥികളെ ലക്ഷ്യമിട്ട് ആധുനിക പാഠ്യപദ്ധതി പരിഹാരമായ പിനാക്കിൾ അവതരിപ്പിച്ചു. ആഴത്തിൽ ഗവേഷണം ചെയ്ത പാഠ്യപദ്ധതിയും ഉള്ളടക്കവും സമന്വയിപ്പിക്കുന്ന രാജ്യത്തെ ആദ്യ മോഡേൺ കരിക്കുലം സൊലൂഷ്യനായിരിക്കും പിനാക്കിൾ. ഉയർന്ന ഫീസ് ഈടാക്കുന്ന സ്കൂളുകളിലെ 35 ദശലക്ഷം വിദ്യാർഥികൾക്ക് സാധാരണ പാഠ്യപദ്ധതിക്കപ്പുറം ആവശ്യമായ നവീകരണവും അക്കാദമിക് മികവും പിനാക്കിൾ വാഗ്ദാനം ചെയ്യുന്നു. നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് സംയോജിപ്പിച്ച പാഠ്യപദ്ധതിയായിരിക്കും പിനാക്കിൾ നൽകുകയെന്ന് ലീഡ് ഗ്രൂപ്പ് സിഇഒയും സഹസ്ഥാപകനുമായ സുമീത് മേത്ത പറഞ്ഞു. അടുത്ത 3 വർഷത്തിനുള്ളിൽ ലീഡ് ഗ്രൂപ്പിൻറെ മൊത്തം വരുമാനത്തിൻറെ 40% പിനാക്കിളിൽ നിന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാജ്യവ്യാപകമായി സ്കൂളുകളുമായുള്ള സഹകരണത്തിലൂടെ രണ്ട് വർഷത്തിലേറെ നീണ്ട ഗവേഷണങ്ങളുടെയും ഉൾക്കാഴ്ചകളുടെയും അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ രൂപകൽപന ചെയ്ത് വികസിപ്പിച്ചെടുത്ത പിനാക്കിൾ നിർമിച്ചിരിക്കുന്നതെന്നും സുമീത് മേത്ത പറഞ്ഞു. പടിപടിയായി വളരുന്ന ഇന്ത്യൻ സ്കൂളുകളുടെ ദീർഘകാലമായുള്ള പൂർത്തീകരിക്കപ്പെടാത്ത ആവശ്യങ്ങളെയാണ് ഇത് അഭിസംബോധന ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മൃണാൾ താക്കൂർ ലാക്റ്റോ കലാമിന്റെ പുതിയ അംബാസഡർ

**കൊച്ചി:** പിരമൽ ഫാർമ ലിമിറ്റഡ് ഇന്ത്യ കൺസ്യൂമർ ഹെൽത്ത്കെയറിന്റെ (ഐസിഎച്ച്) സ്കിൻകെയർ ബ്രാൻഡായ ലാക്റ്റോ കലാമിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി പ്രമുഖ താരം മൃണാൾ താക്കൂറിനെ തെരഞ്ഞെടുത്തു.'ഓയിലി സ്കിൻ ഹേ തൊ ലാക്റ്റോ കലാമിൻ' എന്ന പുതിയ മൾട്ടി മീഡിയ പ്രചാരണം അവതരിപ്പിക്കുകയാണ്.അടുത്ത 1824 മാസങ്ങൾക്കുള്ളിൽ ബ്രാൻഡിൻറെ ഉൽപ്പന്ന ശ്രേണി വിപുലമാക്കാനാണ് പ്ലാൻ ചെയ്യുന്നത്. അതോടൊപ്പം പുതിയ ചാനലുകളിലേക്കും സ്റ്റോറുകളിലേക്കും എത്തുകയും ഇകൊമേഴ്സ് പോർട്ടലുകളിൽ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ധനകാര്യ സ്ഥാപനത്തിന്റെ അനാവശ്യ കോളുകൾ വിലക്കി ഉപഭോക്തൃ കോടതി

**കൊച്ചി:** ലോൺ വാഗ്ദാനം ചെയ്ത് നിരന്തരമായി ഫോണിലൂടെ ബുദ്ധിമുട്ടിച്ച ഫിനാൻസ് കമ്പനിയുടെ നടപടി വിലക്കി ഉത്തരവ് പുറപ്പെടുവിച്ച് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി. എറണാകുളം പനമ്പള്ളി നഗർ സ്വദേശിയായ നിഥിൻ രാമകൃഷ്ണൻ, ബജാജ് ഫിൻസർവിന്റെ നിരന്തരവും അനാവശ്യവുമായ കോളുകളിൽ മനസ്സമാധാനം നഷ്ടപ്പെട്ട സാഹചര്യത്തിലാണ് കോടതിയെ സമീപിച്ചത്.കഴിഞ്ഞ അഞ്ച് വർഷമായി നിരന്തരം കോളുകൾ ചെയ്ത് വായ്പ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ നിർബന്ധിക്കുന്നു. നിരവധി തവണ അഭ്യർത്ഥിച്ചിട്ടും, ഡിഎൻഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടും കോളുകൾ തുടരുന്നു. ഇത് പരാതിക്കാരന്റെ അക്കാദമിക് പ്രവർത്തനങ്ങളെയും അന്തർദേശീയ സംഘടനയിലെ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുന്നു എന്നും പരാതിയിൽ പറയുന്നു.

2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനാവശ്യമായ അലോസരം ഉണ്ടാക്കുന്ന വ്യാപാര പ്രവർത്തനങ്ങളെ അധാർമിക വ്യാപാര രീതിയായി നിർവചിക്കുന്നു. നിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടും നിരന്തരമായ അനാവശ്യ കോളുകൾ ഉണ്ടാകുന്നത് ഈ വ്യവസ്ഥയുടെ പരിധിയിൽ വരുന്നു. ഉപഭോക്തൃ സേവന നിയമത്തിലെ സെക്ഷൻ 2 (47) സാധനങ്ങളോ സേവനങ്ങളോ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അലോസരം വരുത്തുന്നതിനെ നിരോധിക്കുന്നതോടൊപ്പം, , സെക്ഷൻ 38(8) പ്രകാരം ഉപഭോക്തൃ കമ്മീഷനുകളെ അത്തരം കേസുകളിൽ നടപടി സ്വീകരിക്കാൻ അധികാരപ്പെടുത്തുന്നു.കൂടാതെ, സുപ്രീം കോടതി, കെ.എസ്. പുട്ടസ്വാമി v/s യൂണിയൻ ഓഫ് ഇന്ത്യ കേസിൽ സ്വകാര്യതാ അവകാശത്തെ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരമുള്ള അടിസ്ഥാന അവകാശമായി വ്യക്തമാക്കിയിട്ടുണ്ട് . സ്വകാര്യതാ അവകാശത്തിൽ ഒരാളുടെ വ്യക്തിപരമായ സ്ഥലത്തും ജീവിതത്തിലും അനാവശ്യമായ കടന്നുകയറ്റത്തിൽ നിന്നുള്ള സംരക്ഷണം ഉൾപ്പെടുന്നു.പ്രത്യേകിച്ച് ജോലി സമയത്ത് പരാതിക്കാരന് ആവർത്തിച്ച് വിളിക്കുന്നത് അദ്ദേഹത്തിന്റെ സ്വകാര്യതയുടെ ലംഘനമാണെന്നും കമ്മീഷൻ പ്രസിഡൻറ് ഡി ബി ബിനു മെമ്പർമാരെ വി. രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവരുടെ ബെഞ്ച് വിലയിരുത്തി. പരാതിക്കാരനുള്ള എല്ലാ അനാവശ്യ കോളുകളും നിർത്തിവയ്ക്കാൻ കോടതി ഉത്തരവ് നൽകി.

# പുതിയ സുഗന്ധലേപന നിരയുമായി ഫാസ്റ്റ്ട്രാക്ക്

**കൊച്ചി:** മുൻനിര യൂത്ത് ഫാഷൻ ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് പുതിയ സുഗന്ധലേപന നിര അവതരിപ്പിച്ചു.

പുതിയ തലമുറയുടെ മുൻഗണനകൾ പരിഗണിച്ച് പ്രത്യേകമായി രൂപപ്പെടുത്തിയതാണ് ഫാസ്റ്റ്ട്രാക്കിൻറെ പുതിയ സുഗന്ധലേപനങ്ങളെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ഫ്രാഗ്രാൻസസ് ആൻഡ് ഫാഷൻ ആക്സസറീസ് ഡിവിഷൻ സിഇഒ മനീഷ് ഗുപ്ത പറഞ്ഞു.ഉപഭോക്തൃ ഗവേഷണത്തിലൂടെ, ഫാസ്റ്റ്ട്രാക്ക് സുഗന്ധലേപനങ്ങളുടെ പ്രധാന ഉപയോഗ സാഹചര്യങ്ങൾ തിരിച്ചറിയുകയും ഈ അവസരങ്ങൾക്ക് പൂർണ്ണമായും അനുയോജ്യമായ സുഗന്ധദ്രവ്യങ്ങൾ വികസിപ്പിക്കുകയുമായിരുന്നു.പുതിയ ഫ്രാഗ്രൻസ് ശേഖരത്തിൽ പ്രത്യേക അവസരങ്ങൾക്കായി രൂപകൽപ്പന ചെയ്ത ആറ് വ്യത്യസ്ത സുഗന്ധദ്രവ്യങ്ങളാണുള്ളത്. പുരുഷന്മാർക്കായി ഓറിയൻറൽ നോട്ടോടു കൂടിയ വുഡി ഫ്രാഗ്രൻസായ നൈറ്റ് ഔട്ട്, ചലനാത്മക വ്യക്തിത്വങ്ങൾക്കായുള്ള ഫ്രഷ് വുഡി സെൻറായ റഷ്, ദൈനംദിന ആത്മവിശ്വാസത്തിനായുള്ള ക്ലാസിക് സുഗന്ധലേപനമായ ഈസ് എന്നിവയാണുള്ളത്.സ്ത്രീകൾക്കായുള്ള ശേഖരത്തിൽ പുഷ്പ സുഗന്ധമായ ലഷ്, പ്രൊഫഷണലുകൾക്കായുള്ള ഫ്ലോറൽ സെൻറായ ഗേൾ ബോസ്, പൗരസ്ത്യ സുഗന്ധമായ വാൻഡർ എന്നിവയാണുള്ളത്.ഫാസ്റ്റ്ട്രാക്കിൻറെ ഈ പുതിയ സുഗന്ധലേപന നിരയ്ക്ക് 100 മില്ലി ലിറ്ററിന് 845 രൂപയാണ് വില.ഇന്ത്യൻ സുഗന്ധലേപന വിപണിയിൽ കാര്യമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ടെന്നും ഡിയോഡറൻറുകളിൽ നിന്ന് ഗുണനിലവാരമുള്ളതും താങ്ങാനാവുന്ന വിലയ്ക്ക് ലഭ്യവുമായ മികച്ച സുഗന്ധദ്രവ്യങ്ങളിലേക്ക് മാറാൻ ഇന്ത്യൻ യുവാക്കൾ തയ്യാറാണെന്ന് ഞങ്ങളുടെ ഗവേഷണങ്ങൾ കാണിക്കുന്നുവെന്നും മനീഷ് ഗുപ്ത പറഞ്ഞു.ഫാസ്റ്റ്ട്രാക്ക്, ടൈറ്റൻ സ്റ്റോറുകളിലും ഓൺലൈനായി www.fastrack.in/shop/fragrances ലും www.skinn.in ലും പുതിയ ഫാസ്റ്റ്ട്രാക്ക് സുഗന്ധലേപനങ്ങൾ ലഭ്യമാണ്. രാജ്യത്തുടനീളമുള്ള പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും അംഗീകൃത ഡീലർമാരിൽ നിന്നും ഇവ ലഭിക്കും.







# പുരപ്പുറ സൗരോർജ്ജം: പ്രോത്സാഹനവുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** സൗരോർജ്ജ വൈദ്യുത സംവിധാനങ്ങൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ചെറുകിട സംരംഭങ്ങൾക്കു സാമ്പത്തിക പിന്തുണ നൽകാൻ ഹരിത മേഖലയിൽ മാത്രമായി പ്രവർത്തിക്കുന്ന എൻബിഎഫ്സിയായ ഇകോഫൈയുമായി ഫെഡറൽ ബാങ്ക് സഹകരിക്കും. സൗരോർജ്ജ വൈദ്യുത സംവിധാനങ്ങൾ ഏർപ്പെടുത്താൻ ആഗ്രഹിക്കുന്ന എംഎസ്എംഇ സംരംഭങ്ങൾക്കു വേണ്ടി പ്രത്യേകം രൂപകൽപ്പന ആദ്യത്തെ സമഗ്ര സഹകരണ വായ്പാ പദ്ധതിയാണിത്. 3600 കിലോവാട്ട് പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾ ഓരോ വർഷവും സ്ഥാപിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഓരോ വർഷവും 2500 ടണ്ണിലേറെ കാർബൺ പുറന്തള്ളൽ ഒഴിവാക്കാനും സുസ്ഥിര വികസനം പ്രോൽസാഹിപ്പിക്കാനും ഇതിലൂടെ സാധിക്കും. ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളുടെ വൈദ്യുതി ഉപയോഗത്തിന്റെ ഗണ്യമായ പങ്കും പകൽ സമയങ്ങളിലാണെന്നതും ഈ നീക്കത്തിന്റെ പ്രസക്തി വർധിപ്പിക്കുന്നു.

സുസ്ഥിര ബിസിനസ് രീതികൾ പ്രോൽസാഹിപ്പിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഇകോഫൈയുമായുള്ള സഹകരണത്തിലൂടെ ഉയർത്തിക്കാട്ടപ്പെടുന്നതെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു. വാണിജ്യ സ്ഥാപനങ്ങൾക്ക് താങ്ങാനാവുന്ന വിധത്തിൽ സൗരോർജ്ജ സംവിധാനങ്ങൾക്കായി സാമ്പത്തിക സഹായം നൽകുന്നതിലൂടെ വൈദ്യുത ചെലവു കുറക്കാനും ഇന്ത്യയുടെ കാലാവസ്ഥാ ലക്ഷ്യങ്ങൾ നിറവേറ്റാനും സാധിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.ചെറുകിട, ഇടത്തരം, സൂക്ഷ്മ സ്ഥാപനങ്ങൾക്ക് ഇന്ത്യയുടെ സമ്പദ്ഘടനയിൽ ഗണ്യമായ സ്ഥാനമാണുള്ളതെങ്കിലും സുസ്ഥിര ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ ഈ മേഖല വലിയ വെല്ലുവിളികളാണു നേരിടുന്നതെന്ന് ഇകോഫൈ സഹസ്ഥാപകയും മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജശ്രീ നമ്പ്യാർ പറഞ്ഞു. 20 മുതൽ 200 കിലോവാട്ട് വരെയുള്ള സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കാനുള്ള സാമ്പത്തിക പിന്തുണയാണ് ഫെഡറൽ ബാങ്കുമായുള്ള ഈ സഹകരണത്തിലൂടെ തങ്ങൾ ലഭ്യമാക്കുന്നതെന്നും രാജശ്രീ നമ്പ്യാർ പറഞ്ഞു.

# ഫാബ് അക്കാദമി 202: ഡിജിറ്റൽ ഫാബ്രിക്കേഷൻ പഠിക്കാനൊരു അവസരം

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷൻറെ കീഴിലുള്ള ഫാബ് അക്കാദമി 2025 കോഴ്സിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അന്താരാഷ്ട്ര അംഗീകാരമുള്ള ഫാബ് ഫൗണ്ടേഷൻ തയ്യാറാക്കുന്ന സിലബസിലാണ് ഇവിടെ കോഴ്സുകൾ സംഘടിപ്പിക്കുന്നത്. അമേരിക്കൻ സാങ്കേതിത സർവകലാശാലയായ മസാച്ചുസറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി (എം.ഐ.ടി) സഹകരിച്ചാണ് ഫാബ് അക്കാദമി പ്രവർത്തിക്കുന്നത്.

ഡിജിറ്റൽ ഫാബ്രിക്കേഷൻ, റാപ്പിഡ് പ്രോട്ടോടൈപ്പിംഗ് എന്നീ മേഖലകളിൽ താൽപര്യമുള്ളവർക്ക് ആറുമാസ ദൈർഘ്യമുള്ള ഈ കോഴ്സിന് അപേക്ഷിക്കാം. 20 ആഴ്ചകളിലായി 20 വ്യത്യസ്ത കംപ്യൂട്ടർ അധിഷ്ഠിത നിർമാണ മാർഗങ്ങൾ പഠിക്കുന്നതാണ് കോഴ്സിൻറെ പ്രത്യേകത. എം.ഐ.ടി സെൻറർ ഫോർ ബിറ്റ്സ് ആൻഡ് ആറ്റംസ് ഡയറക്ടർ പ്രൊഫ. നീൽ ഗർഷൻഫെൽഡിൻറെ നേതൃത്വത്തിലാണ് ക്ലാസുകൾ നടക്കുന്നത്. ഓരോ ആഴ്ചയിലും ഓരോ പ്രോജക്ടുകൾ പൂർത്തിയാക്കും കോഴ്സ് അവസാനിക്കുമ്പോൾ പഠിത ടെക്നിക്കുകൾ എല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു പ്രോജക്ട് വിദ്യാർത്ഥികൾ നിർമിക്കണം.

ഡിസൈൻ അല്ലെങ്കിൽ ടെക്നോളജി മേഖലയോട് താൽപര്യമുള്ള, ഇംഗ്ലീഷ് ഭാഷയിൽ പ്രാഥമിക അറിവുള്ള ഏതൊരാൾക്കും ഈ കോഴ്സ് പഠിക്കാം . അർഹരായവർക്ക് ഫാബ് ഫൗണ്ടേഷൻ സ്കോളർഷിപ്പ് വഴി 80 ശതമാനം ഫീസ് ഇളവ് ലഭിക്കും. കൂടാതെ അഞ്ച് വനിതാ വിദ്യാർത്ഥികൾക്ക് 95 ശതമാനം ഫീസ് ഇളവും നൽകുന്നു. അപേക്ഷകരെ ഇൻറർവ്യൂവിൻറെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്താണ് പ്രവേശനം നൽകുക.

അപേക്ഷകൾ https://fabacademy.fablabkerala.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാം. ഡിസംബർ 20ന് ഫാബ് അക്കാദമിയെ കുറിച്ചുള്ള ഓൺലൈൻ സംശയ നിവാരണ സെഷൻ സംഘടിപ്പിക്കുന്നതാണ് . പങ്കെടുക്കാൻ താത്പര്യമുള്ളവർ https://ksum.in/ama_fabacademy എന്ന ഫോം പൂരിപ്പിച്ച് ക്ഷണം നേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്, ബന്ധപെടുക: ള-a-b-lab@startupmission.in.

# ആർട്ട് ഫോർ ഹോപ്പ് 2025 ഗ്രാൻഡ് നേടിയവരെ പ്രഖ്യാപിച്ചു

**കൊച്ചി :** ആർട്ട് ഫോർ ഹോപ്പ് 2025ലെ ഗ്രാൻഡ് നേടിയവരെ പ്രഖ്യാപിച്ച് ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യാ ഫൌണ്ടേഷൻ. 50 പേരാണ് ഈ ഗ്രാൻഡിന് യോഗ്യത നേടിയിരിക്കുന്നത്. 521 അപേക്ഷകളിൽ നിന്നാണ് 50 പേരെ ഫൗണ്ടേഷൻ തിരഞ്ഞെടുത്തത്. കല, സംസ്ക്കാരം, ജേർണലിസം എന്നീ മേഖലകളിലെ അതിവിദഗ്ദ്ധരുടെ പാനൽ അടങ്ങിയ ജൂറിയാണ് ഗ്രാൻഡിന് അർഹരായവരെ തിരഞ്ഞെടുത്തത്. വ്യക്തികൾക്ക് ഒരു ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് രണ്ട് ലക്ഷം രൂപയുമാണ് ഗ്രാൻഡ്. ആദ്യ സീസണിൽ 10 സംസ്ഥാനങ്ങളിൽ നിന്നും നാലാം സീസണിൽ 15 സംസ്ഥാനങ്ങളിൽ നിന്നുള്ളവരുമാണ് ഗ്രാൻഡ് നേടിയിരിക്കുന്നത്.

# ഗിഫ്റ്റ് ഹാപ്പിനസ് പ്രചാരണവുമായി ഭീം ക്രൈ സഹകരണം

**കൊച്ചി:** നാഷണൽ പേയ്മെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ഉപസ്ഥാപനമായ എൻപിസിഐ ഭീം സർവീസ് ലിമിറ്റഡ് (എൻബിഎസ്എൽ) ക്രൈയുമായി (ചൈൽഡ് റൈറ്റ്സ് ആൻഡ് യൂ) സഹകരിച്ച് 'ഗിഫ്റ്റ് ഹാപ്പിനസ്' എന്ന പ്രചാരണം ആരംഭിച്ചു. ഇന്ത്യയിലുട നീളമുള്ള നിരാലംബരായ കുരുന്നുകൾക്ക് പുതുവർഷത്തിൽ ഹൃദയം നിറഞ്ഞ ആശംസകൾ നേർന്ന് സന്തോഷം പകരുകയാണ് സംരംഭത്തിൻറെ ലക്ഷ്യം. ഡിസംബർ 16നും 31നും ഇടയിൽ ഭീംമിലൂടെയുള്ള ഓരോ ഇടപാടിലും ഒരു വിഹിതം ഇതിലേക്ക് സംഭാവനയായി പോകും. അതുവഴി ഈ കുട്ടികൾക്ക് പുതുവർഷം പ്രിയപ്പെട്ടതാകുമെന്ന് എൻബിഎസ്എൽ ചീഫ് ബിസിനസ് ഓഫീസർ രാഹുൽ ഹണ്ട പറഞ്ഞു.

'ഗിഫ്റ്റ് ഹാപ്പിനസ്' പ്രചാരണം പുതുവർഷവുമായി ബന്ധപ്പെട്ട് പുതിയ തുടക്കങ്ങളും പ്രതീക്ഷകളും ഉൾക്കൊള്ളുന്നു. നിത്യേനയുള്ള ശീലങ്ങളിൽ മാറ്റം വരുത്താതെ തന്നെ ഉപയോക്താക്കളെ സ്ഥിരം ഇടപാടുകളിലൂടെ ഈ ദൗത്യത്തിൽ പങ്കാളികളാക്കാനാണ് പ്രചാരണം പ്രോൽസാഹിപ്പിക്കുന്നത്.തങ്ങളുടെ പ്ലാറ്റ് ഫോമിലൂടെ ഈ കുട്ടികൾക്ക് സന്തോഷം പകരാനും അവരുടെ നല്ല ഭാവിയെ പിന്തുണയ്ക്കാനും സാധിക്കുന്നതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പുതുവർഷത്തിൽ നൂതനമായ ഈ സംരംഭത്തിനായി ഭീംമുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്നും 'ഗിഫ്റ്റ് ഹാപ്പിനസ്' അർഹരായ ഓരോ കുട്ടിക്കും പിന്തുണ നൽകുന്നതിലേക്കുള്ള ചുവടുവെയ്പ്പാകുമെന്നും ക്രൈ (വെസ്റ്റ്) റീജണൽ ഡയറക്ടർ ക്രീയാനെ റബാഡി പറഞ്ഞു.

സൊസൈറ്റി ടുഡേ SOCIETY TODAY

# ഇന്ത്യൻ സ്റ്റാർട്ടപ്പുകളെ ശാക്തീകരിക്കാൻ കൊട്ടക്

**കൊച്ചി:** പ്രാരംഭഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ട് കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് (കെ.എം.ബി.എൽ/ കൊട്ടക്). സി.എസ്.ആർ പദ്ധതിക്ക് കീഴിലുള്ള പുതിയ സംരംഭമായാണ് കൊട്ടക് ബിസ്ലാബ്സ് എന്ന പേരിൽ കൊട്ടക് മഹീന്ദ്ര ബാങ്ക് പുതിയ പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. സ്റ്റാർട്ടപ്പുകളെ വളർച്ചാ ഘട്ടത്തിലെ വെല്ലുവിളികളെ തരണം ചെയ്യാൻ പ്രാപ്തരാക്കാനും അവരുടെ ബിസിനസുകൾ ഫലപ്രദമായി വളർത്താനും സഹായിക്കുന്നതിനാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് സി.എസ്.ആർ ആൻഡ് ഇ.എസ്.ജി സീനിയർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഹിമാൻഷു നിവ്സർകാർ പറഞ്ഞു.

ഐ.ഐ.എം.എ വെഞ്ചേഴ്സ്, എൻ.എസ്.ആർ.സി.ഇ.എൽ, ടിഹബ്ബ് തുടങ്ങിയ മുൻനിര ഇൻക്യുബേറ്ററുകളുമായി സഹകരിച്ച് മെന്റർഷിപ്പ്, വിപണി പരിചയപ്പെടൽ, ഉപദേശക പിന്തുണ തുടങ്ങിയ കാര്യങ്ങളുൾപ്പെടെ സ്റ്റാർട്ടപ്പുകൾക്ക് വളരാനുള്ള സഹായങ്ങൾ കൊട്ടക് ബിസ്ലാബ്സ് നൽകും.ഇന്ത്യൻ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം വളരെ മികച്ചതാണെങ്കിലും വിപണി വിപുലീകരണം, ഉപഭോക്താക്കളെ ആകർഷിക്കൽ, പ്രവർത്തന വിപുലീകരണം, പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ ശക്തമായ വെല്ലുവിളികളാണ് സ്റ്റാർട്ടപ്പുകൾ അഭിമുഖീകരിക്കുന്നത്. പല ഇൻക്യുബേറ്റർ പ്രോഗ്രാമുകളും സ്റ്റാർട്ടപ്പുകൾക്ക് പ്രാരംഭ ഘട്ടത്തിൽ (ആശയം മാത്രമായിരിക്കുന്ന ഘട്ടം) ശ്രദ്ധ കേന്ദ്രീകരിച്ച് സഹായങ്ങൾ നൽകുമ്പോൾ വിപണിയിലെ മത്സരങ്ങളിൽ മുന്നേറാനും ഉൽപ്പന്നത്തെ വിപണിക്ക് അനുയോജ്യമാക്കാനും വിപുലീകരണത്തിനും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും വേണ്ട സഹായങ്ങൾ ആരംഭഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്നില്ല.

നേരിട്ട് പിന്താങ്ങുന്ന സഹായം, തീമാറ്റിക് വർക്ക്ഷോപ്പുകൾ, ഇക്കോസിസ്റ്റം എക്സ്പോഷർ, മത്സരങ്ങൾ, മാർഗ്ഗനിർദേശങ്ങൾ, പങ്കാളിത്തം, വ്യവസായ വികസനം, ഉറപ്പായ സീഡ് ഫണ്ടിങ്ങ്, ഡെമോ ഡെയ്സ് തുടങ്ങിയവ വാഗ്ദാനം ചെയ്തുകൊണ്ട് കൊട്ടക് ബിസ്ലാബ്സ് സ്റ്റാർട്ടപ്പുകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരവുമായാണ് മുന്നോട്ട് വരുന്നതെന്നും ഹിമാൻഷു നിവ്സർകാർ പറഞ്ഞു.

# ഇന്ത്യ,ദക്ഷിണ കൊറിയ ആർട്ട് എക്സ്ചേഞ്ച് പദ്ധതിക്ക് മാള വേദിയാകും

**കൊച്ചി:** ഇന്ത്യയും ദക്ഷിണ കൊറിയയും തമ്മിലുള്ള കലാപരമായ സഹകരണം ശക്തിപ്പെടുത്തുന്നതിനും ക്രിയാത്മകമായ സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ക്രോസ്കൾച്ചറൽ സംരംഭമായ ഇന്ത്യ,ദക്ഷിണ കൊറിയ ആർട്ട് എക്സ്ചേഞ്ച് പ്രോജക്റ്റ് 2024 ഡിസംബർ 20 മുതൽ 27 വരെ തൃശ്ശൂർ മാള ജിബി ഫാമിൽ സംഘടിപ്പിക്കും. സാംസ്കാരിക വിനിമയത്തിനും സാമൂഹിക പരിവർത്തനത്തിനുമായി രൂപീകരിച്ച കൂട്ടായ്മയായ കെക്കേയെല്ലം ഫൗണ്ടേഷനാണ് ഈ കല പദ്ധതി സംഘടിപ്പിക്കുന്നത്.ഇന്ത്യയിൽ നിന്നും ദക്ഷിണ കൊറിയയിൽ നിന്നുമുള്ള 10 പേർ വീതം വിഷ്വൽ ആർട്ടിസ്റ്റുകൾ പരിപാടിയുടെ ഭാഗമാകും. ഒരാഴ്ച നീണ്ടുനിൽക്കുന്ന റിട്രീറ്റിൽ, കലാകാരന്മാർ സംസ്ഥാനത്തിൻറെ പ്രകൃതി സൗന്ദര്യം, സാംസ്കാരിക പൈതൃകം, പാരമ്പര്യങ്ങൾ എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കലാപരവും സാംസ്കാരികവുമായ സമന്വയം പ്രഘോഷിക്കുന്ന സൃഷ്ടികൾ പരിപാടിയുടെ ഭാഗമായി സൃഷ്ടിക്കും.

ഇന്ത്യ,ദക്ഷിണ കൊറിയ ആർട്ട് എക്സ്ചേഞ്ച് പ്രോജക്റ്റ് ക്രോസ്കൾച്ചറൽ കലാപ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ചുള്ള ധാരണ വളർത്തുന്നതിനും. കലയുടെ പരിവർത്തന ശക്തിയെ ആസ്വാദകരിലേക്കെത്തിക്കുന്നതിനുള്ള ശ്രമമാണ് ഈ പദ്ധതി. ഇതിൽ പങ്കെടുക്കുന്ന കലാകാരന്മാർ മാള, കൊടുങ്ങല്ലൂർ, തൃശ്ശൂർ എന്നിവിടങ്ങളിലെ കേരളത്തിന്റെ പ്രധാനപ്പെട്ട പൗരാണിക ഇടങ്ങൾ സന്ദർശിക്കും കൂടാതെ കഥകളി, ഭരതനാട്യം തുടങ്ങിയ പരമ്പരാഗത ഇന്ത്യൻ കലാരൂപങ്ങളുടെ പ്രകടനങ്ങൾ ആസ്വദിക്കുകയും കേരളത്തിൻറെ തനത് കലകളെ അടുത്തറിയുന്നതിന് അവസരമൊരുക്കും.കേരളത്തിൻറെ പാചക പൈതൃകവും പ്രകൃതിരമണീയവുമായ പ്രകൃതിദൃശ്യങ്ങളുമായി ഇടപഴകാനുള്ള വേദികൂടി ഈ പരിപാടി സൃഷ്ടിക്കുമെന്ന് കെക്കേയെല്ലം ഫൗണ്ടേഷൻ ഡയറക്ടർ ബിനോയ് വർഗീസ് പറഞ്ഞു.ഏഷ്യയിലുടനീളം കലാപരമായ ഐക്യദാർഢ്യം ശക്തിപ്പെടുത്തുന്ന പരിപാടിയായ മ്യൂസിയം ഓഫ് ആർട്ട് വൂമയുടെ ഏഷ്യ ആക്സിസ് പ്രോജക്റ്റുമായി സഹകരിച്ചു കൊണ്ടാണ് ഈ പദ്ധതി സംഘടിപ്പിക്കുന്നത്. ഇരു രാജ്യങ്ങളിലെയും കലാകാരന്മാരെ ഒരു കുടക്കീഴിൽ കൊണ്ട് വന്നു പരസ്പരം മനസ്സിലാക്കുന്നതിലൂടെ ഇന്ത്യയും ദക്ഷിണ കൊറിയയും തമ്മിലുള്ള സാംസ്കാരിക ബന്ധത്തെ കൂടുതൽ ദൃഢമാക്കുന്നതിന് ഈ പദ്ധതി സഹായിക്കും.ശിൽപശാലകളിലൂടെയും സഹകരണ പ്രവർത്തനങ്ങളിലൂടെയും കലാകാരന്മാർ പ്രാദേശിക സ്കൂൾ വിദ്യാർത്ഥികളുമായി സംവദിക്കുന്നതോടൊപ്പം, സാമൂഹിക ഇടപെടലിനും പരിപാടി മുൻഗണന നൽകുന്നു. കലാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും താഴെത്തട്ടിലെ യുവ പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനുമുള്ള കെക്കേയെല്ലം ഫൗണ്ടേഷൻറെ ശ്രമങ്ങളുടെ ഭാഗമായികൂടിയാണ് ഇത്തരമൊരു ഇടപെടൽ എന്ന് കെക്കേയെല്ലം ഫൗണ്ടേഷൻ ഡയറക്ടർ ബിനോയ് വർഗീസ് പറഞ്ഞു.

ഇന്ത്യ,ദക്ഷിണ കൊറിയ ആർട്ട് എക്സ്ചേഞ്ച് പ്രോജക്റ്റ് എല്ലാ വർഷവും സംഘടിപ്പിക്കാനാണ് ലക്ഷ്യം, കലാകാരന്മാർക്ക് വേണ്ടുന്ന സാംസ്കാരിക ഇടമായിയി ജിബി ഫാം പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഇന്തോ-ബംഗ്ലാദേശ് ആർട്ട് പ്രോജക്റ്റ് (2023), ഇന്തോവിയറ്റ്നാം ആർട്ട് പ്രോജക്റ്റ് (2022), കേരളത്തിലെ പ്രളയബാധിതർക്കായുള്ള ദേശീയ ചാരിറ്റി എക്സിബിഷൻ (2018) എന്നിവയുൾപ്പെടെ നിരവധി കല പരിപാടികൾ കെക്കേയെല്ലം ഫൗണ്ടേഷൻറെ നേതൃത്വത്തിൽ കഴിഞ്ഞ കാലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

# ജിഎൻജി ഇലക്ട്രോണിക്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ലാപ്ടോപ്പുകളുടെയും ഡെസ്ക്ടോപ്പുകളുടെയും ഇന്ത്യയിലെ ഏറ്റവും വലിയ റീഫർബിഷർ കമ്പനിയും കൂടാതെ ആഗോളതലത്തിൽ യുഎസ്എ, യൂറോപ്പ്, ആഫ്രിക്ക, യുഎഇ എന്നിവിടങ്ങളിൽ സാന്നിധ്യമുള്ള ഐസിടി ഉപകരണങ്ങളുടെ മൊത്തത്തിലുള്ള ഏറ്റവും വലിയ റീഫർബിഷറുമായ ജിഎൻജി ഇലക്ട്രോണിക്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് 2 രൂപ വീതം മുഖവിലയുള്ള 825 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 9,700,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ് (മുമ്പ് ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്), ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഇഷ്യുവിൻറെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# പുതിയ നേട്ടങ്ങൾ കൊയ്ത് മീഷോയും വൌവ് സ്കിൻ സയൻസും

**കൊച്ചി:** പേഴ്സണൽ കെയർ, വെൽനെസ് മേഖലയിലെ അധികായരായ വൌവ് സ്കിൻ സയൻസ് മീഷോയുമായുള്ള പങ്കാളിത്തത്തിലൂടെ പുതിയ വിപണികൾ കീഴടക്കുന്നു. ഇന്ത്യയിലെ ടയർ 2+ വിപണികളിലെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്ന തന്ത്രപരമായ പങ്കാളിത്തമാണിതെന്ന് കമ്പനി അധികൃതർ വാർത്താക്കുറിപ്പിൽ അറിയിച്ചു. കഴിഞ്ഞ വർഷത്തിൽ മീഷോയുമായുള്ള പങ്കാളിത്തത്തിലൂടെ 1 ദശലക്ഷം ഉപഭോക്താക്കളെ പുതുതായി ചേർക്കാൻ വൌവിനായിരുന്നു. മീഷോയിൽ നിന്ന് 5 ഇരട്ടി വരുമാന വർദ്ധനവാണ് വൌവ് പ്രതീക്ഷിക്കുന്നതെന്ന് വൌവ് സ്കിൻ സയൻസ് സഹസ്ഥാപകൻ മനീഷ് ചൌധരി പറഞ്ഞു.മീഷോയുമായുള്ള പങ്കാളിത്തത്തിലൂടെ പുതിയ വളർച്ചാ സാധ്യതകൾ അൺലോക്ക് ചെയ്യാൻ ഞങ്ങൾക്കായി. ഇന്ത്യയിലെ ടയർ 2+ മേഖലകളിൽ ശക്തമായ ബ്രാൻഡ് ലോയൽറ്റി സൃഷ്ടിച്ചെടുക്കാനായി. ടയർ 2+ വിപണികളുടെ സാധ്യതയാണ് മീഷോയിൽ നിന്നുള്ള വിൽപ്പന സൂചിപ്പിക്കുന്നത്' വൌവ് സ്കിൻ സയൻസ് സഹസ്ഥാപകൻ മനീഷ് ചൌധരി പറഞ്ഞു.

# റെഡ് റെയോണുമായി കൈകോർത്ത് വണ്ടർലാ

## അഡ്വെഞ്ചേർസ് ഓഫ് ചിക്കു എന്ന ഫിലിം പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ അമ്യൂസ്മെന്റ് പാർക്ക് ചെയിനായ വണ്ടർലാ ഹോളിഡേയ്സ് തങ്ങളുടെ പ്രിയപ്പെട്ട മാസ്കോട്ടായ ചിക്കുവിനെ പുതിയ രൂപത്തിൽ അവതരിപ്പിച്ചു. കഴിഞ്ഞ ഏതാനും വർഷങ്ങളായി വണ്ടർലായുടെ മാസ്സ്കോട്ടായിരുന്നു ചിക്കുവിനെ പുതിയ തലമുറയുമായി യോജിച്ചു പോകുന്ന തരത്തിൽ പുത്തൻ ഭാവനയിലൂടെ വണ്ടർലാ മാറ്റിയെടുത്തിരിക്കുകയാണ്. ഇതിന്റെ ഭാഗമായി സിജിഐ സ്റ്റുഡിയോ റെഡ് റെയോണുമായി സഹകരിച്ചു കൊണ്ട് വണ്ടർലാ തയ്യാറാക്കിയ 'അഡ്വെഞ്ചേർസ് ഓഫ് ചിക്കു വൈൽഡ് റൈഡ്' എന്ന പുതിയ സിജിഐ ഫിലിം കൊച്ചിയിലെ വണ്ടർലായിൽ നടന്ന ചടങ്ങിൽ മാനേജിങ്ങ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി, ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ ധീരൻ ചൗധരി, കൊച്ചി പാർക്ക് ഹെഡ്ഡ് രവികുമാർ എം എ, റെഡ്ഡ് റെയോൺ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ സാൽവോ ഫ്ലൂീക്ക എന്നിവർ ചേർന്ന് പുറത്തിറക്കി. കൊച്ചിയ്ക്കൊപ്പം വണ്ടർലായുടെ ബാംഗ്ലൂരിലേയും ഹൈദരാബാദിലേയും പാർക്കുകളിലും ഫിലിം ആദ്യമായി പ്രദർശിപ്പിച്ചു. തീർത്തും ആകർഷകമായ പുതിയ കഥയും അത്യാധുനികമായ വിഷ്വലുകളുമായി നിലവിലുള്ള അഡ്വെഞ്ചേർസ് ഓഫ് ചിക്കു പുതിയ ഒരു തലത്തിലേക്ക് ഉയർത്തിയിരിക്കുന്നു.



ചിക്കുവും സുഹൃത്തുക്കളും ഒരു ആധുനിക സ്കെയ്റ്റ് ബോർഡിൽ അറിയാതെ കയറിപ്പറ്റുകയും അത് നിയന്ത്രണമില്ലാതെ വളഞ്ഞുപുളഞ്ഞോടി അപകടങ്ങളിൽ പെടുകയും സസ്പെൻസ് നിറഞ്ഞ വഴിത്തിരിവുകളിൽ എത്തുകയും ത്രസിപ്പിക്കുന്ന രക്ഷപ്പെടലുകളിൽ അവസാനിക്കുകയും ചെയ്യുമ്പോൾ പ്രേക്ഷകരെ അത് ത്രസിപ്പിക്കുന്ന ഒരു യാത്രയിലേക്കാണ്

കൊണ്ടു പോകുന്നത്. നിറച്ചാർത്തണിഞ്ഞ വിഷ്വലുകളും ഊർജ്ജസ്വലരായ കഥാപാത്രങ്ങളും നന്നായി ഇണക്കിചേർത്ത സ്പെഷ്യൽ ഇഫക്റ്റുകളും വന്നതോടെ ഈ ഫിലിം ഒരു ടീം വർക്കിന്റേയും സൗഹൃദത്തിന്റേയും തമാശയുടേയും ആഘോഷമായി മാറി ചിക്കുവിന്റെ സാഹസികതകളുടെ മാസ്മരികതയെ പുതിയ തലമുറയിലേക്ക് എത്തിക്കുന്നു.

ഇന്ത്യയിലെ പ്രേക്ഷകർക്കായി പ്രത്യേകം തയാറാക്കിയ അനുപമവും ലോകോത്തരവുമായ ഉല്ലാസം വാഗ്ദാനം ചെയ്യുക എന്ന ഞങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമാണ് അഡ്വെഞ്ചേർസ് ഓഫ് ചിക്കു എന്ന പുതിയ സിനിമയെന്ന്

വണ്ടർലാ ഹോളിഡേയ്സ് മാനേജിങ്ങ് ഡയറക്ടർ അരുൺ ചിറ്റിലപ്പിള്ളി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

എല്ലാ തലമുറകൾക്കും യോജിച്ച തരത്തിലുള്ള ഒരു കുസൃതി കഥാപാത്ര സൃഷ്ടിയാണ് നടത്തിയിരിക്കുന്നതെന്ന് റെഡ് റെയോണിന്റെ ഫീച് ഓപ്പറേറ്റിങ്ങ് ഓഫീസർ സാൽവോ ഫ്ലൂീക പറഞ്ഞു. വണ്ടർലായിൽ പ്രവേശിക്കുന്നതിനായി ഓൺലൈൻ പോർട്ടലായ https://bookings.wonderla.com/ ലൂടെ പ്രവേശന ടിക്കറ്റുകൾ മുൻ കൂട്ടി ടിക്കറ്റ് ബുക്ക് ചെയ്യാം.

ഒപ്പം പാർക്കിലെ കൗണ്ടറുകളിൽ നിന്ന് നേരിട്ടും ടിക്കറ്റുകൾ വാങ്ങാവുന്നതാണ്.




# സെലക്സ് മാളിൽ ബർഗർ കിങ് പ്രവർത്തനമാരംഭിച്ചു

**തൃശ്ശൂർ:** ലോകത്തെ മുൻനിര ഭക്ഷ്യ ശൃംഗലയായ ബർഗർ കിങ്ങിന്റെ പുതിയ ഔട്ട്ലെറ്റ് കിഴക്കേ കോട്ടയിലെ സെലക്സ് മാളിൽ പ്രവർത്തനമാരംഭിച്ചു. ഫ്ളെയിം ഗ്രിൽഡ് ബർഗറുകളടക്കമുള്ള വൈവിധ്യമാർന്ന മെനുവാണ് ഇവിടുത്തെ പ്രധാന ആകർഷണം. ബർഗർ കിങ്ങിന്റെ കേരളത്തിലെ ഏഴാമത്തെ ഔട്ട്ലെറ്റാണ് തൃശ്ശൂരിലേത്. അതിവേഗ വിപുലീകരണത്തിന്റെ ഭാഗമായി ഇന്ത്യയിലെ 109 നഗരങ്ങളിലായി 483 റസ്റ്റോറന്റുകളാണ് ബർഗർ കിങ് തുറക്കുന്നത്.

വെജ്, ചിക്കൻ, മട്ടൻ എന്നിവയിൽ ടേസ്റ്റി, ക്ലാസിക്, ഐക്കോണിക്ക് വൂപ്പർ ശ്രേണികളിൽ ഇന്ത്യൻ രുചികൾ കൂടി ഉൾപ്പെടുത്തിയ ബർഗറുകൾ ഇവിടെ ലഭ്യമാണ്. ലോഡഡ് റോളുകളും ക്രഞ്ചി ടാക്കോസും ഇവിടെയുണ്ട്. 100 ശതമാനം അറേബ്യൻ കാപ്പിക്കുരു ഉപയോഗിച്ച് തയ്യാറാക്കിയ ഹോട്ട്കോൾഡ് കോഫീ, ഷേക്ക്, ഹോട്ട് ചോക്കളേറ്റ്, മസാല ചായ തുടങ്ങിയ ആസ്വദിക്കുന്നതിനായി ബികെ കഫെയും ഇവിടെയുണ്ട്. ഇതിനു പുറമെ വിവിധ ഡെസേർട്ടുകളും സണ്ടേയും സോഫ്റ്റിയും ഇവിടെ ലഭിക്കും.

ദക്ഷിണേന്ത്യ തങ്ങളുടെ വളർച്ചയിലെ പ്രധാന മാർക്കറ്റാണെന്നും നിരവധി ഭക്ഷണ പ്രേമികളും സംസ്കാരങ്ങളും കൊണ്ട് നിറഞ്ഞ തൃശ്ശൂരിൽ പുതിയ റസ്റ്റോറന്റ് ആരംഭിക്കുന്നതിൽ വളരെ സന്തോഷമുണ്ടെന്നും ബർഗർ കിങ് സിഎംഒ കപിൽ ഗ്രോവർ പറഞ്ഞു.

# ക്രിസ്മസ് ക്യാമ്പയിനുമായി കാലിഫോർണിയ ആൽമണ്ട്



**കൊച്ചി:** ക്രിസ്മസ് ആഘോഷങ്ങൾ മുൻനിർത്തി കാംപയിനുമായി ദ ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ക്രിസ്മസ് ട്രീറ്റുകളും, പരമ്പരാഗത വിരുന്നുകളും തയാറാക്കുമ്പോൾ കാലിഫോർണിയ ബദാം ഉൾപ്പെടുത്തി വിഭവങ്ങൾ കൂടുതൽ രുചികരവും ആരോഗ്യകരവുമാക്കണമെന്നും ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ അധികൃതർ വ്യക്തമാക്കുന്നു. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, നാരുകൾ, മഗ്നീഷ്യം, സിങ്ക്, ഫോസ്ഫറസ് എന്നിവയുൾപ്പെടെയുള്ള പോഷകങ്ങൾ ഉത്സവ രുചിയിലേക്ക് കൊണ്ടുവരാൻ ബദാമിന് കഴിയും. ദിവസേന ഒരു പിടി കാലിഫോർണിയ ബദാം കഴിക്കുന്നത് രക്തത്തിലെ പഞ്ചസാര നിയന്ത്രിക്കാനും എൽഡിഎൽ കൊളസ്ട്രോൾ കുറയ്ക്കാനും ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കാനും സഹായിക്കുമെന്ന് പ്രമുഖ ശാസ്ത്ര ജേണലുകളിൽ പ്രസിദ്ധീകരിച്ച 200ലധികം പഠനങ്ങളിൽ ചൂണ്ടിക്കാട്ടുന്നു. ഇവയുടെ തൃപ്തികരമായ ഗുണങ്ങൾ വിശപ്പിനെ നിയന്ത്രിക്കാനും ഉത്സവ സീസണിൽ ശരീരഭാരം നിയന്ത്രിക്കാനും സഹായിക്കും. ആഘോഷ സീസണുകൾ പലപ്പോഴും അമിത ഭോജനത്തിലേക്ക് നയിക്കും, ഇതിനാൽ ഭക്ഷണത്തിൽ ബദാം പോലുള്ള ആരോഗ്യകരമായ ഓപ്ഷനുകൾ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു. അതിശയകരമായ പോഷണ ഗുണങ്ങൾ കാരണം ബദാം വിന്റർ സീസണിൽ ദിവസവും നിർബന്ധമാണെന്ന് ആയുർവേദ വിദഗ്ധയായ ഡോ.മധുമിത കൃഷ്ണൻ പറഞ്ഞു. അനാവശ്യമായി സ്നാക്ക്സുകൾ കഴിക്കുന്നത് നിയന്ത്രിക്കാനും, ഉത്സവ വേളകളിൽ പോലും ഫിറ്റ്നസ് ദിനചര്യയിൽ തുടരാൻ എന്നെ സഹായിക്കുന്നത് ബദാമാണെന്ന് തെന്നിന്ത്യൻ നടി ശ്രിയ ശരൺ പറഞ്ഞു.



# എം.എസ്.എം.ഇയിൽ ഉൾപ്പെട്ട വ്യാപാര സ്ഥാപനങ്ങൾക്ക് സൗജന്യ ഇൻഷുറൻസ്

**കൊച്ചി:** ഭക്ഷ്യോൽപാദന വിതരണ മേഖലക്ക് ഉണർവ്വേകാൻ സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ. സംസ്ഥാനത്തെ വ്യാപാര വാണിജ്യ മേഖലക്ക് ഉണർവേകാൻ വാണിജ്യവകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രി പി. രാജീവ് വിളിച്ച വ്യാപാരികളുടെ യോഗത്തിലാണ് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ആവശ്യം ഉന്നയിച്ചത്. വാണിജ്യമേഖലയുടെ ഉണർവിന് ഫെബ്രുവരിയിൽ ഗ്രാന്റ് ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുവാൻ യോഗത്തിൽ തീരുമാനിച്ചു. കൂടാതെ എം.എസ്.എം.യിൽ ഉൾപ്പെട്ട വ്യാപാരസ്ഥാപനങ്ങൾക്ക് ഇൻഷുർ ചെയ്യുവാൻ 5000 രൂപ വരെ സർക്കാർ സഹായം നൽകുമെന്ന് മന്ത്രി യോഗത്തിൽ വ്യക്തമാക്കി. കൂടാതെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽനിന്നും ബിസിനസ് ഉന്നമനത്തിനായി വായ്പലഭ്യമാക്കുവാനും സർക്കാർ സഹായിക്കും. ചെറുകിട വ്യാപാരമേഖല പ്രത്യേകിച്ച് ഹോട്ടൽ /റസ്റ്റോറന്റ് അടക്കമുള്ള ഭക്ഷ്യോൽപാദന വിതരണ മേഖല നിലവിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ മറ്റ് മന്ത്രാലയങ്ങളുമായി ചർച്ച ചെയ്ത് പരിഹാരമാർഗം കണ്ടെത്താമെന്ന് മന്ത്രി ഉറപ്പ് നൽകിയതായും കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാൽ അറിയിച്ചു.

